# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01** **മെയ് -2010** **ലക്കം 02**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ................................................ 03

തൃതീയ സീറോ-മലബാർ മേജർ ആർക്കി
എപ്പിസ്കോപ്പൽ അസംബ്ലി ...................................... 05

DECREE ................................................ 11

DECREE ................................................ 14

LETTER OF CANONICAL PROVISION ................................ 16

വൈദീകവർഷം ................................................ 18

രൂപതാ കച്ചേരി വാർത്തകൾ ...................................... 19

പാസ്റ്ററൽ കൗൺസിൽ ............................................ 22

മതബോധനരംഗം ................................................ 25

ചെറുപുഷ്പമിഷൻലീഗ് ............................................ 44

കെ. സി. വൈ. എം. ................................................ 50

കുടുംബപ്രേഷിതത്വം ............................................ 55

സിയോൻ വാർത്തകൾ ............................................ 58

ക്രിസ്റ്റീൻ വാർത്തകൾ ............................................ 60

വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 61

ജയിൽ മിനിസ്ട്രി ................................................ 63

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 64

അറിയിപ്പുകൾ ................................................ 66

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 69

ബിഷപ്സ് പ്രോഗ്രാം ................................................ 70

# സർക്കുലർ

***Circular Letter No. 4/2010***
***Prot. No. 9474/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പ്രഖ്യാപിച്ച വൈദിക വർഷത്തെ അതിന്റെ ചൈതന്യത്തോടെ സ്വീകരിച്ച് ആചരിക്കുന്ന മാനന്തവാടി രൂപതയിലെ മുഴുവൻ ദൈവജനത്തേയും പ്രത്യേകം അഭിനന്ദിക്കട്ടെ. എന്നാൽ, തങ്ങളെ ഏൽപിക്കുന്ന ജനത്തിനുവേണ്ടി ജീവിക്കുന്നവരും അപ്രകാരം ജീവിച്ച് വിശ്രമജീവിതത്തിലേയ്ക്ക് കടന്നുവരുന്നവരുമായ വൈദികരെ ആദരിക്കുവാനും അനുസ്മരിക്കുവാനും അവരെ സ്വന്തം കുടുംബത്തിലെ ഒരംഗമായി കരുതി സ്വീകരിക്കുവാനും നിങ്ങൾ കാണിക്കുന്ന താല്പര്യത്തെ ഏറെ സന്തോഷത്തോടെ ഞാൻ ഓർമ്മിക്കുന്നു. ആശയസമ്പുഷ്ടവും ഹൃദയസ്പർശിയുമായ വിവിധ ചടങ്ങുകളിലൂടെ വൈദിക ശ്രേഷ്ഠത മനുഷ്യ മനസ്സുകളിൽ ഉറപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നതു കാണുമ്പോൾ എനിക്കേറെ അഭിമാനമുണ്ട്. രൂപതയിലെ വൈദിക സമിതികളും അത്മായ സമിതികളും ചർച്ച ചെയ്ത് രൂപം നൽകി വൈദിക സഹകരണത്തോടെ ഇടവകതലത്തിലും ഫൊറോന തലത്തിലും രൂപതാ തലത്തിലും സംഘടനാതലങ്ങളിലും വിവിധ ഡിപ്പാർട്ടുമെന്റ് തലങ്ങളിലും നടക്കുന്ന വൈദിക വർഷാചരണ പ്രവർത്തനങ്ങൾക്ക് ആശംസകളും വിജയവും നേരുന്നു.

നമ്മുടെ ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ സന്ദർഭങ്ങളിലും ഒരു വൈദികന്റെ സാന്നിധ്യവും ശുശ്രൂഷയും നമുക്ക് അനിവാര്യമാണ്. അതിനാൽ തന്നെ വൈദികരെ സഭയ്ക്കായ് ഒരുക്കിയെടുക്കേണ്ടതും അവരെ സംരക്ഷിക്കേണ്ടതും ദൈവജനത്തിന്റെ ആവശ്യമാണെന്ന തിരിച്ചറിവ് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഇതുവരെ വൈദിക വിദ്യാർത്ഥികളുടെ പഠനചിലവും വൈദികരുടെ സംരക്ഷണവും ഒരു പരിധിവരെ വിദേശ സഹായത്താലാണ് നടന്നതെങ്കിൽ മാറിയ

സാമ്പത്തിക സാഹചര്യങ്ങൾ ആ വഴിക്കുള്ള സമ്പത്തിക സഹായങ്ങളുടെ സാധ്യത കുറച്ചുവെന്നത് സത്യമാണ്. ഇതു മനസ്സിലാക്കിയാണ് സഭയിലെ അംഗങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന അത്മായസഹോദരങ്ങൾ വളരെ നല്ലൊരു നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. അതിപ്രകാരമാണ്. “രൂപതയിലെ മുഴുവൻ കുടുംബങ്ങളും അവരുടെ ഒരു ദിവസത്തെ വരുമാനത്തിൽ കുറയാത്ത ഒരു തുക രൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനും വൈദികരുടെ സംരക്ഷണത്തിനും ഉപകരിക്കുംവിധം ‘വിയാനി ഫണ്ട്’ (ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയെ അനുസ്മരിച്ചുകൊണ്ടാണ് ഈ പേര് നൽകിയിരിക്കുന്നത്) എന്ന പേരിൽ സംഭാവന ചെയ്യുക.” ഇത് ഏറെ പ്രതീക്ഷ നൽകുന്ന പ്രശംസനീയമായ നിർദ്ദേശമായി ഞാൻ കരുതുന്നു. നിങ്ങളുടെ കുടുംബവും ഇതിൽ സന്തോഷത്തോടെ പങ്കാളിയാവുമെന്ന് വിശ്വസിക്കുന്നു. ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ഏപ്രിൽ 23-ന് നൽകപെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 മെയ് മാസം 9-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.**

1. നിങ്ങളുടെ സംഭാവന 2010 മെയ് 31-ന് മുൻപായി വാർഡ് ലീഡർ മുഖേന പള്ളികളിൽ എത്തിക്കുമല്ലോ.

2. നിങ്ങൾ നൽകുന്ന തുകയ്ക്ക് രൂപതാ കേന്ദ്രത്തിൽ നിന്നു തന്നെ രശീത് നൽകുന്നതാണ്.

## ത്യതീയ സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

ചർച്ചയ്ക്കുള്ള മാർഗ്ഗരേഖ (Lineamenta) യുടെ സംക്ഷിപ്തരൂപം

# വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും

***"ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകേണ്ടതിനും അത് സമൃദ്ധമായി ഉണ്ടാകുന്നതിനും വേണ്ടിയാണ്"***

**(യോഹ. 10,10)**

2010 ആഗസ്റ്റ് 20 മുതൽ 22 വരെ, സീറോ-മലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി സമ്മേളിക്കുകയാണ്. അഞ്ചുവർഷത്തിലൊരിക്കൽ കൂടുന്ന കാനോനികമായ ഈ സഭായോഗം, കാലത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കി വിശ്വാസത്തിന്റെ വെളിച്ചത്തിൽ സഭയ്ക്കും സമൂഹത്തിനും നന്മയിൽ വളരുവാൻ പ്രേരകമായ വിഷയങ്ങൾ ചിന്തിക്കുകയും, ചർച്ചചെയ്യുകയും, കർമ്മപരിപാടികൾക്കു രൂപം നൽകുകയും ചെയ്യുന്നു. ഇന്നിന്റെ വെല്ലുവിളിയായ മരണസംസ്ക്കാരത്തെ തിരിച്ചറിയാനും അതിനെതിരെ പോരാടാനും, സൃഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്കാരത്തെ അതിന്റെ സമഗ്രതയിൽ പ്രോത്സാഹിപ്പിക്കുവാനുമാണ് 'വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും' എന്ന പ്രമേയത്തിലൂടെ തൃതീയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി പരിശ്രമിക്കുന്നത്.

### വിശ്വാസത്തിന്റെ തലത്തിൽ നാം നേരിടുന്ന വെല്ലുവിളികൾ

***വിശ്വാസജീവിതവും അനുദിന ജീവിതവും തമ്മിൽ വലിയ ബന്ധമില്ലാത്ത അവസ്ഥ:*** "ഈ ജനം അധരംകൊണ്ട് എന്നെ സ്തുതിക്കുന്നു; എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് അകന്നിരിക്കുന്നു" എന്ന് ഏശയ്യാപ്രവാചകൻ പറഞ്ഞ വാക്കുകൾ (ഏശ. 23, 13) വിശ്വാസജീവിതത്തിൽ വളരെപ്പേരുടെ കാര്യത്തിലും സത്യമാണ്.

***ഭൗതികതയും ഉപഭോഗസംസ്കാരവും:*** ഭൗതികതയുടെ കാഴ്ചപ്പാടിൽ അതിസ്വഭാവികമായ ഒന്നിനേയും സ്വീകരിക്കാനോ ജീവിതത്തിൽ ആത്യന്തികമായ ലക്ഷ്യത്തെപ്പറ്റി ചിന്തിക്കാനോ കഴിവില്ലാത്ത

വരായിത്തീർന്ന ധാരാളം ആളുകൾ നമ്മുടെയിടയിലുണ്ട്. ഭൗതികതയുടെയും നിരീശ്വരത്വത്തിന്റെയും വേലിയേറ്റത്തിൽ ആദ്ധ്യാത്മികത അവമതിക്കപ്പെടുന്നു. സ്രഷ്ടാവിന്റെ നിയമത്തിനുപകരം സൃഷ്ടിയുടെ താല്പര്യങ്ങൾ ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനമായിത്തീരുന്നു. സദാചാരങ്ങൾ എന്നു പറയുന്നത് മനുഷ്യർ ചേർന്ന് തീരുമാനിച്ച് അംഗീകരിക്കുന്ന ചില നിബന്ധനകൾ മാത്രമായിരിക്കുന്നു.

***മാറിയ മാധ്യമ സംസ്കാരം:*** മുകളിൽ പറഞ്ഞ സമീപനരീതികളും ജീവിതവീക്ഷണവും പ്രചരിപ്പിക്കുന്ന തരത്തിലാണ് മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. നീരീശ്വരത്വവും ഭൗതികവാദവും പ്രചരിപ്പിക്കുന്ന ആകർഷകങ്ങളായ അവതരണരീതികളെ വിമർശനാത്മകമായി സമീപിക്കാനും വിലയിരുത്താനും നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. അതേസമയം സുവിശേഷമൂല്യങ്ങളുടെ പ്രചാരണത്തിനും അതുവഴി ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും ക്രിയാത്മകമായ പങ്കുവഹിക്കാൻ ആധുനിക മാധ്യമങ്ങൾ നൽകുന്ന സാധ്യതകൾ ഉപയോഗപ്പെടുത്തുകയും വേണം.

***പ്രകൃതിയുടെ അനിയന്ത്രിതമായ ചൂഷണം:*** പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം നിർബാധം തുടരുന്നത് ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാണ്. മനുഷ്യൻ ഭൂമിയിൽ തോട്ടക്കാരനും അതിന്റെ കാവൽക്കാരനുമാണെന്നുള്ള സത്യം (ഉൽപ. 2, 15) മറന്നുകൊണ്ടുള്ള വികസനം പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്നു.

***പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ പ്രശ്നം:*** ചൂഷണപരവും അനീതിപരവുമായ സമ്പദ്ഘടനയുടെ ഫലമായി ദുരിതമനുഭവിക്കുന്ന വലിയൊരു വിഭാഗം ആളുകൾ ഇന്നു നമ്മുടെ കൂട്ടത്തിലുണ്ട്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന സഭാംഗങ്ങൾ തൊഴിലാളികളോടും വേലക്കാരോടും പ്രദർശിപ്പിക്കുന്ന മനോഭാവം നീതിക്കും സാഹോദര്യത്തിനും നിരക്കുന്നതാണോ എന്ന് ചിന്തിക്കണം. പാർശ്വവൽക്കരിക്കപ്പെട്ടവരെപ്പറ്റി ചിന്തിക്കുമ്പോൾ സ്ത്രീകൾ, ആദിവാസികൾ, ദളിതർ, വികസന സങ്കല്പത്തിന്റെ പേരിൽ അനീതി അനുഭവിക്കുന്നവർ എന്നിവരുടെ അവസ്ഥയും നമ്മൾ കണക്കിലെടുക്കണം.

***വേരുനഷ്ടപ്പെടുന്ന ചലനാത്മകത:*** കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബത്തിലേയ്ക്കും, കാർഷികപ്രധാനമായ ജീവിതചുറ്റുപാടുകളിൽ നിന്ന് ഇതരതൊഴിൽ രംഗങ്ങളിലേക്കുമുള്ള മാറ്റം ഒരു പരിധിവരെ അനിവാര്യമാണെന്നു പറയാം. അതിന്റെയെല്ലാം

ഫലമായി സ്വദേശത്തും വിദേശത്തും ജോലിതേടി പോകുന്നവർ സംഭ്രമജനകമായ വിധത്തിലുള്ള മാറ്റങ്ങൾക്ക് വിധേയരാകുന്നുണ്ട്.

***ഉപരിപ്ലവമായ വിശ്വാസശൈലി:*** വചനത്തോട് ആഭിമുഖ്യം ഒരുവശത്ത് നമ്മുടെ സഭയിൽ ദൃശ്യമാണെങ്കിലും, മറുവശത്ത് അതിന്റെ ഫലമായി കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നിന്നു പിരിഞ്ഞുപോകുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുകയാണ്. കത്തോലിക്കാ നവീകരണപ്രസ്ഥാനവും ധ്യാനപരിപാടികളും സമൂഹത്തിൽ വളരെയധികം നന്മകൾ ചെയ്തിട്ടുണ്ട്. അതേസമയം വെറും വൈകാരികവും ഉപരിപ്ലവവുമായ തരത്തിൽ വിശ്വാസജീവിതത്തെ സമീപിക്കുന്ന സാഹചര്യത്തിൽ അത് പലപ്പോഴും വികലമായി തീരാറുണ്ട്.

***ദൈവം വളർച്ചയ്ക്ക് തടസ്സം എന്ന ചിന്ത:*** മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും വളർച്ചയെയും തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ് മതവും മതവിശ്വാസങ്ങളും എന്ന് ചിന്തിക്കുന്നവരുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ച്, ഭൗതികവിദ്യാഭ്യാസത്തിൽ മാത്രം ഉന്നതി നേടിയിരിക്കുന്നവരുടെ ഇടയിൽ. പത്തുപ്രമാണങ്ങൾ നൽകിയ ദൈവത്തെ ഒരു ശല്യമായി കാണാനുള്ള പ്രവണത ഉടലെടുക്കുന്നത്, മനുഷ്യാവകാശത്തെ ധ്വംസിക്കുന്ന ശക്തിയായി ദൈവത്തെ കാണാൻ തുടങ്ങുമ്പോഴാണ്.

***ജീവനു വിലകൽപിക്കാത്ത മരണസംസ്കാരം:*** മുകളിൽ പറഞ്ഞ ഘടകങ്ങളെല്ലാം ചേർന്ന് സൃഷ്ടിച്ചെടുത്തിരിക്കുന്ന ഒരു സാമൂഹികാന്തരീക്ഷത്തിലാണ് മരണസംസ്കാരം ശക്തിപ്രാപിച്ചിട്ടുള്ളത്.

## ജീവന്റെ സുവിശേഷം

സഭ ജീവന്റെ ദൈവത്തിൽ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം 'ജീവന്റെ സുവിശേഷം' ആണ്. മനുഷ്യമഹത്വത്തെ സംബന്ധിച്ചിടത്തോളം സമൃദ്ധമായ നവജീവിതത്തിലേയ്ക്ക് എല്ലാ വ്യക്തികളെയും സമൂഹങ്ങളെയും ക്ഷണിക്കുന്ന സന്ദേശമാണത്. മനുഷ്യ ജീവന്റെ അവകാശങ്ങളോടുള്ള ആദരവിനെ അടിസ്ഥാനപ്പെടുത്തിയാണ് മറ്റെല്ലാ അവകാശങ്ങളും നിലനിൽക്കുന്നത്. ജീവിക്കാനുള്ള അവകാശത്തെ അംഗീകരിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യാതെ പൊതുനന്മ വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല (ജീവന്റെ സുവിശേഷം,101).

ദൈവം മനുഷ്യനു നൽകുന്ന ജീവൻ മറ്റെല്ലാ ജീവസൃഷ്ടികൾക്കുമുള്ള ജീവനിൽനിന്നു തികച്ചും വ്യത്യസ്തമാണ്. കാരണം, മനുഷ്യൻ മണ്ണിലെ പൊടിയിൽനിന്നു സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും ഭൂമി

യിൽ ദൈവത്തിന്റെ ഒരു വെളിപ്പെടലാണ്. അവിടുത്തെ സാന്നിധ്യത്തിന്റെ അടയാളമാണ്. ജീവൻ അവിഭാജ്യമായ ഒരു നന്മയാണ്. അതുകൊണ്ട് മനുഷ്യജീവനെക്കുറിച്ചുള്ള പരിഗണനകൾ ജീവശാസ്ത്രപരമായ ജീവനിൽ മാത്രം ഒതുക്കി നിർത്താൻ പാടില്ല. ആദ്ധ്യാത്മികവും, മന:ശാസ്ത്രപരവും, സാമൂഹികവുമായ ജീവമാനങ്ങളെക്കൂടി അത് ഉൾപ്പെടുത്തണം.

ഗർഭത്തിൽ ഉത്ഭവിക്കുന്ന നിമിഷം മുതൽ സ്വാഭാവിക മരണം വരെ സ്വാഭാവിക ധാർമ്മിക നിയമത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് മനുഷ്യജീവനെ സംരക്ഷിക്കാൻ, ജീവന്റെ സുവിശേഷം നമ്മെ കടപ്പെടുത്തുന്നുണ്ട്. പിറക്കാത്ത കുഞ്ഞുങ്ങളെയും, വാർദ്ധക്യത്തിലെത്തിയവരെയും, വികലാംഗരെയും, രോഗികളെയും ഒഴിവാക്കാനുള്ള ശ്രമങ്ങൾ ഇന്നു നടക്കുന്നു. അത് മനുഷ്യജീവന്റെ മഹത്വത്തിനെതിരായ നടപടികളാണ്.

ജീവന്റെ മൂല്യത്തിൽ യഥാർത്ഥ താത്പര്യമുള്ള സഭ ജനങ്ങളുടെ ഭൗതികക്ഷേമം വളർത്താൻ പരിശ്രമിക്കണം. അതുകൊണ്ട്, മനുഷ്യന്റെ സഹനങ്ങളിലും ഭൗതികാവശ്യങ്ങൾ ഉൾപ്പെടെ അവന്റെ ആവശ്യങ്ങളിലും ശ്രദ്ധിക്കാൻ സഭ നിർവ്വഹിക്കുന്ന സേവനം സ്നേഹമാണ് (ദൈവം സ്നേഹമാകുന്നു, 19).

## വിശ്വാസജീവിതം

വിശ്വാസസത്യങ്ങൾ സ്വീകരിച്ച് ഏറ്റുപറയുന്നതിലുപരി സമർപ്പണമാണു വിശ്വാസം. നമ്മുടെ ചിന്തയും തെരഞ്ഞെടുപ്പുമെല്ലാം വിശ്വാസത്താൽ നയിക്കപ്പെടുമ്പോഴാണു മതവിശ്വാസം ജീവിതബന്ധിയായിത്തീരുന്നത്. വിശ്വാസം സൃഷ്ടവസ്തുക്കളോടുള്ള ശരിയായ സമീപനം നൽകുന്നു; സംസ്കാരങ്ങളെ ശുദ്ധീകരിക്കുന്നു. നിലത്തുവീണഴിഞ്ഞു ഫലം നൽകുന്ന ഗോതമ്പുമണിയാണ് വിശ്വാസജീവിതത്തിന്റെ ഉത്തമമായ ഉദാഹരണം (യോഹ. 12, 24). തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നതുവഴി അതു കണ്ടെത്തുന്ന പ്രക്രിയയാണത് (മത്താ. 10,39). ഈ നഷ്ടപ്പെടുത്തൽ ലോകത്തിന്റെ ചിന്തക്കും ശൈലിക്കും ചേർന്നുപോകുന്നതല്ല. നമ്മുടെ പോഷണമായി സ്വയം മുറിക്കപ്പെട്ട കർത്താവിന്റെ ജീവിതശൈലിയിലേക്കുള്ള വളർച്ചയാണത്. ഇത് ലോകത്തിനു മരിച്ച് ദൈവത്തിനു വേണ്ടി ജീവിക്കലാണ് (റോമ. 8,13). ഇതുപോലുള്ള ജീവിതം നയിക്കുമ്പോഴാണ് ഭൗതികതയ്ക്കും അതുൾക്കൊള്ളുന്ന ജീവിതശൈലിക്കും എതിരായി ഒരുവന് നീങ്ങാൻ കഴിയുന്നത്.

വിശ്വാസികളുടെ പിതാവായിട്ടാണ് പൂർവ്വപിതാവായ അബ്രാഹം അറിയപ്പെടുന്നത്. വിശ്വാസജീവിതത്തിന്റെ മകുടോദാഹരണമാണ് പരി

ശുദ്ധമറിയം. ജീവിതത്തിലെ കുരിശുകളെയും വേദനകളെയും വിശ്വാസത്തോടെ സ്വീകരിച്ച് മഹത്ത്വത്തിൽ പ്രവേശിച്ച വ്യക്തികളുടെ കൂട്ടത്തിൽ, സഹനത്തിന്റെ പുത്രി എന്നറിയപ്പെടുന്ന വിശുദ്ധ അൽഫോൻസാമ്മയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സമുദ്ധാരണത്തിനായി ജീവിതം സമർപ്പിച്ച വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും നമുക്കു മാതൃകയും പ്രചോദനവുമാണ്. അതോടൊപ്പം അനുദിന ജീവിതത്തിലെ കുരിശുകളും സങ്കടങ്ങളും വിശ്വാസത്തോടെ സ്വീകരിച്ചും ആരാലും അറിയപ്പെടാതെയും കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളെല്ലാം ധീരോചിതമായി നിർവ്വഹിച്ചും കടന്നുപോയ നമ്മുടെ മാതാപിതാക്കളെയും പൂർവ്വികരെയും ഓർമ്മിക്കാം.

വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധന. വിശ്വാസികളുടെ സമൂഹമാകുന്ന സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്ക് തിരിഞ്ഞിരിക്കുന്നു (ആരാധനക്രമം, 10). വിശുദ്ധ കുർബാനയാകട്ടെ സഭയുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും ഉറവിടമാണ് (സഭയും വിശുദ്ധ കുർബാനയും, 3). ഈ ലോകത്തിലാണ് ക്രൈസ്തവവിശ്വാസം പ്രകാശം പരത്തേണ്ടത്. ഇതിനുവേണ്ടിയാണ് കർത്താവ് വിശുദ്ധ കുർബാനയിൽ നമ്മോടൊപ്പം വസിക്കാൻ ആഗ്രഹിച്ചും അവിടുത്തെ സ്നേഹത്താൽ നവീകരിക്കപ്പെട്ട ഒരു മാനവകുലത്തെക്കുറിച്ചുള്ള പ്രത്യാശയായി വിരുന്നും ബലിയുമായ പരിശുദ്ധ കുർബാനയിൽ സന്നിഹിതനാകുന്നതും.... (സഭയും വിശുദ്ധ കുർബാനയും, 20).

## പ്രായോഗിക പരിഗണനകൾ

വിശ്വാസം വഴിയായി കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുകാരാവുകയും അവയുടെ ഫലം അനുഭവിക്കുകയും ചെയ്യുന്നവരാണ് നമ്മൾ. ജീവിതത്തെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ ബലിയായി സമർപ്പിച്ചുകൊണ്ട് (റോമ 12, 2) ദൈവത്തെ സത്യത്തിലും അരൂപിയിലും ആരാധിക്കാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുന്ന വിശ്വാസത്തിന്റെ ജീവിതത്തിൽ, ലോകത്തിന്റെ ശൈലികളോടും ആകർഷണങ്ങളോടും നിരന്തരം പടപൊരുതുന്ന ജീവിതമാണ് ക്രൈസ്തവന്റേത് (എഫേ, 6,10-12). പ്രകൃതി അനിയന്ത്രിതമായ ചൂഷണത്തിനുള്ളതല്ല; സ്രഷ്ടാവിന്റെ ഉദ്ദേശ്യമനുസരിച്ച് മനുഷ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്താനുള്ളതാണ്. വിശ്വാസ ജീവിതത്തിനു വെല്ലുവിളികളും പ്രതിസന്ധികളുമായി നിൽക്കുന്ന ഘടകങ്ങളെ ക്രൈസ്തവർ ശ്രദ്ധാപൂർവ്വം വിവേചിച്ചറിയേണ്ടിയിരിക്കുന്നു.

## ചിന്തിക്കാൻ, ചർച്ചചെയ്യാൻ

1. ജീവിതവും വിശ്വാസവും പരസ്പര ബന്ധമില്ലാതെ നിൽക്കുന്ന അവസ്ഥയാണോ ഇന്നുള്ളത്?

2. വർദ്ധിച്ചുവരുന്ന ഗർഭഛിദ്രം, വൃദ്ധരോടും രോഗികളോടും സ്ത്രീകളോടും കുഞ്ഞുങ്ങളോടുമുള്ള അവഗണന തുടങ്ങിയ കാര്യങ്ങളിൽ സഭക്ക് എന്തുചെയ്യാൻ കഴിയും?

3. നീതിയിൽ അധിഷ്ഠിതമായ സാമൂഹികബന്ധങ്ങൾ യാഥാർത്ഥ്യമാക്കിത്തീർക്കാൻ ക്രിസ്തീയവിശ്വാസം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ചൂഷിതരോടും അവഗണിക്കപ്പെട്ടവരോടുമുള്ള നമ്മുടെ പക്ഷംചേരൽ എങ്ങനെ?

4. പ്രകൃതിയോടും മറ്റു ജീവജാലങ്ങളോടുമുള്ള നമ്മുടെ സമീപനത്തിൽ, വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ വരുത്തേണ്ട മാറ്റങ്ങൾ ഏവ?

5. ക്രൈസ്തവരുടെ ഇടയിൽ ജനനനിരക്ക് കുറവാണ്. ഇതിന്റെ സാമൂഹ്യാഘാതങ്ങളെക്കുറിച്ച് നിങ്ങൾക്ക് അവബോധമുണ്ടോ?

---

**N.B.: മാർഗ്ഗരേഖയിലെ പ്രധാന ആശയങ്ങൾ സൗകര്യപ്രദമായ ഒരു ഞായറാഴ്ച ദൈവജനത്തെ അറിയിക്കുകയും മാർഗ്ഗരേഖ പാരീഷ് കൗൺസിലിൽ ചർച്ചചെയ്യുകയും ഈ ചർച്ചയിൽ ഉരുത്തിരിയുന്ന പ്രധാന ആശയങ്ങൾ രൂപതാകേന്ദ്രത്തിലേയ്ക്ക് എഴുതി അറിയിക്കുകയും ചെയ്യുമല്ലോ**

*Prot. No. 55/2010*

# DECREE

In order to preserve and strengthen the growth and vitality of a community of faithful appropriate juridical and hierarchical structures are to be created which could then better take care of the overall developments of that community. In many cases, dividing a bigger entity into smaller units would ensure better growth and faster development. The eparchy of Mananthavady which was erected by His Holiness Pope Paul VI of happy memory on 1 March 1973 by bifurcating the present Archeparchy of Tellicherry, has in about 37 years made great progress in all aspects of pastoral care of the faithful entrusted to its care and evangelization of the people in the area set apart for it. Ably guided and nurtured through much of its period of growth by its first bishop Mar Jacob Thoomkuzhy and later by the late Mar Emmanuel Pothanamuzhy, CMI, who built upon the foundations laid down by his predecessor and by the present bishop Mar Jose Porunnedom, who continued the efforts of his forerunners, the eparchy of Mananthavady, spread over a territory of 48250 Sq. Kilometers in the three Federal States of Kerala, Karnataka and Tamil Nadu, has achieved remarkable progress in all areas of apostolate.

However, the great distance from the eparchial headquarters, the geographical, linguistic and cultural differences and the differences in the nature of the apostolates undertaken have necessitated a bifurcation of the eparchy of Mananthavady to ensure further growth and development of the various regions that constitute the territory of the eparchy of Mananthavady. With this in view, successive Synods discussed the proposal of the Local Ordinaries of the Eparchy and the XIV Synod (2006), Session 1, gave its

approval for the proposal of the division of the eparchy of Mananthavady and the erection of a new eparchy by name Bhadravathi and two exarchies, namely Mandya and Narasimharajapura. The Holy See, through its letter dated 25 January 2007, Prot. No. 24/98, gave its assent to the erection of the eparchy of Bhadaravathi, but did not favour the erection of the two exarchies. Accordingly on 21 August 2007, the eparchy of Bhadravathi was erected. Although the Holy See did not favour the erection of the two eparchies, it did not object to the creation of a new eparchy comprising the remaining territory of the eparchy of Mananthavady in the State of Karnataka. Therefore, the Synod of Bishops of the Syro-Malabar Church in its session held in August 2008 discussed this matter again and decided to

propose the erection of an eparchy comprising the four civil districts of Karnataka, namely, Mandya, Hassan, Mysore and Chamarajnagar with its See in the city of Mandya in the civil district of **Mandya** while transferring one civil district, called Chickmagalur, that lies on the extreme north of the eparchy of Mananthavady to the eparchy of Bhadravathi taking into consideration the great distance from this area to the new episcopal see of Mandya and which is about 150 kms away from the district of Chickmagalur and its closeness to the Episcopal see of Bhadravathi which is only about 60 kms away from it.

Therefore, after due consultations in various fora and after having obtained the consent of the Synod and the Assent of the Holy See, thus having fulfilled everything required in law, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, by virtue of the authority vested in me and in accordance with CCEO c. 85 §1, herby erect a new eparchy Mandya, by carving out from the territory of the eparchy of Mananthavady, the territory comprising the four civil districts of Karnataka, namely, Mandya, Hassan, Mysore and Chamarajnagar, having its See in the city of Mandya in the civil district of **Mandya**, with its boundaries co-terminus with the boundaries of the same civil districts mentioned above. It is also decreed that the See of the new eparchy and the

residence of its bishop shall be in the town of Mandya. By the same decree **Infant Jesus Parish Church, Hinkel** is raised to the status of the Cathedral of the new eparchy. Moreover, both the new eparchy and its bishop shall be subject as suffragans to the Metropolitan See of Tellicherry and its Metropolitan. The administration of the eparchy and the rights and privileges of the priests and faithful in the eparchy and the like are to be governed by the provisions of the Code of Canons of the Eastern Churches and the Particular Law of the Syro-Malabar Major Archiepiscopal Church. This decree is given in perpetuity for the faithful adherence and loyal observance by everyone concerned with the matter dealt with in this decree.

Given at Kakkanad from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas on 18th day of the month of January of the year Two Thousand and Ten.

**Varkey Cardinal Vithayathil**
Major Archbishop of the Syro-Malabar Church

**Fr. Antony Kollannur**
Chancellor, Major Archiepiscopal Curia

*Prot. No. 63/2010*

# DECREE

In order to preserve and strengthen the growth and vitality of a community of faithful appropriate juridical and hierarchical structures are to be created or they have to be reorganized which could then better take care of the overall developments of that community. In many cases, dividing a bigger entity into smaller units or reorganizing its boundaries would ensure better growth and faster development. Accordingly with the prior consultation with the Holy See and the consent of the XIV Synod (2006), Session 1 of the Synod of Bishops of the Syro-Malabar Church the eparchy of Mananthavady was bifurcated and a new eparchy was erected by name Bhadravathi by my decree dated 21 August 2007, Prot. No. 673/2007. However, while discussing the proposal for the erection of a new eparchy by name Mandya with the remaining areas of the eparchy of Mananthavady in the State of Karnataka, the synod suggested that it would be better to transfer one civil district, called Chickmagalur, that lies on the extreme North of the eparchy of Mananthavady to the eparchy of Bhadravathi, taking into consideration the distance from this area to the new Episcopal see of Mandya and the Bishop's residence which is about 150 kms away from the district of Chickmagalur while it is much closer to Bhadravathi and the interest of the faithful of the area about the transfer. Therefore, the Synod of Bishops of the Syro-Malabar Church held from 11 to 15 January 2010 at Mount St Thomas gave its assent to the proposal of transferring the civil district of Chickmagalur to the eparchy of Bhadravathi.

Therefore, after due consultations in various fora and after

having obtained the consent of the Synod and the Assent of the Holy See, thus having fulfilled everything required in law, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, by virtue of the authority vested in me and in accordance with CCEO c. 85 §1, herby decree the transfer of the civil district of Chickmagalur belonging to the eparchy of Mananthavady, to the eparchy of Bhadravathi and thus extend the territory of the eparchy of Bhadravathi to include also the civil district of Chickmagalur. This decree is given in perpetuity for the faithful adherence and loyal observance by everyone concerned with the matter dealt with in this decree.

Given at Kakkanad from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas on 18th day of the month of January of the year Two Thousand and Ten.

**Varkey Cardinal Vithayathil**
Major Archbishop of the Syro-Malabar Church

**Fr. Antony Kollannur**
Chancellor, Major Archiepiscopal Curia

*Prot. No. 56/2010*

# MAJOR ARCHIEPISCOPAL LETTER OF CANONICAL PROVISION

VARKEY CARDINAL VITHAYATHIL, THE MAJOR ARCHBISHOP OF THE SYRO-MALABAR CHURCH sends his paternal Blessings to you, REV. FR. GEORGE NJARALAKATT, a priest belonging to the eparchy of Mananthavady, at present working as the Prot-Syncellus of the eparchy of Bhadaravathi and who, having obtained the prior assent of the Holy Father, has been elected by the Synod of Bishops of the Syro-Malabar Church in the First Session of the XVIII Synod as Bishop of the new eparchy of MANDYA. Considering the great distance from the eparchial headquarters, the geographical, linguistic and cultural differences and the differences in the nature of the apostolates undertaken, a bifurcation of the eparchy of Mananthavady was felt to be a genuine necessity and successive Synods discussed the proposal of the Local Ordinaries of the Eparchy and with the consent of the Synod and assent of the Holy See, I have erected by a separate decree (Prot. No. 55/2010) on the same day, a new eparchy by name MANDYA, carving out the portion of the civil districts of Mandya, Hassan, Mysore and Chamarajnagar from the eparchy of Mananthavady. You as a person of exemplary priestly qualities with adequate intellectual formation, pastoral experience and spiritual depth have been chosen to be the Bishop of the newly erected eparchy.

Therefore, in virtue of CCEO c. 86 §1, 1º and by the authority vested in me as the Major Archbishop of the Syro-Malabar

Major Archiepiscopal Church to provide the people of God entrusted to my care with pastors and efficient systems of governance, and guided by the consideration of the good of the faithful of the eparchy of Mananthavady and of the entire Syro-Malabar Church, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, hereby appoint you as BISHOP OF THE EPARCHY OF MANDYA. You are to be ordained bishop in accordance with CCEO c. 187 §2 and c. 188 and take canonical possession of your office in accordance with CCEO c. 189. Commending you to Our Lord, the Master Shepherd and praying that through the intercession of Mary our Mother, and St. Thomas, our Apostle, you may in close communion with the entire clergy and faithful of the new eparchy, fulfil the duties of your office as "an example in speech and conduct, in love, in faith, in purity" (1Tim 4:12), I send you, my hearty congratulations and prayerful good wishes.

All contrary dispositions notwithstanding.

Given at Kakkanad from the Syro-Malabar Major Archiepiscopal Curia at Mount St. Thomas on 18th day of the month of January of the year 2010 under my seal and signature.

**Varkey Cardinal Vithayathil**
Major Archbishop of the Syro-Malabar Church

**Fr. Antony Kollannur**
Chancellor, Major Archiepiscopal Curia

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

വൈദിക ധർമ്മാനുഷ്ഠാനത്തിൽ ഏറ്റവും മുന്നിൽ നിൽക്കേണ്ടത് സ്വന്തം ആഗ്രഹങ്ങളെ ത്യജിച്ച് തങ്ങളെ അയച്ചവന്റെ അഭീഷ്ടം അറിഞ്ഞനുഷ്ഠിക്കാനുള്ള സന്നദ്ധതയാണ്. അവർ നിറവേറ്റേണ്ടതായി പരിശുദ്ധാത്മാവ് അവരെ ഏൽപ്പിച്ച ദൈവീകവേല മാനുഷിക ശക്തിയുടെയും ജ്ഞാനത്തിന്റെയും മേഖലകളെ അതിലംഘിക്കുന്നതാണ്. കാരണം, "ശക്തന്മാരെ ലജ്ജിപ്പിക്കാൻ ദൈവം ലോകത്തിലെ ബലഹീനരെയാണ് തിരഞ്ഞെടുത്തത്" (1കോറി.1:27). ക്രിസ്തുവിന്റെ യഥാർത്ഥ സേവകൻ സ്വന്തബലഹീനതകളെപ്പറ്റിയുള്ള ബോധം നിമിത്തം ദൈവത്തിന് പ്രീതികരമായത് എന്തെന്ന് ആരാഞ്ഞറിഞ്ഞ് വിനീതമായി നിറവേറ്റണം. പരിശുദ്ധാത്മാവാൽ ബന്ധിതരെന്നപോലെ വൈദികർ, എല്ലാവരുടെയും രക്ഷ കാംഷിക്കുന്ന ക്രിസ്തുവിന്റെ ഇംഗിതാനുസരണം എല്ലാ കാര്യങ്ങളിലും നയിക്കപ്പെടുന്നു. (രണ്ടാം വത്തിക്കാൻ സൂനഹദോസ്, 'വൈദികർ' – 15) കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

**ഫാ. ബെന്നി മുതിരക്കാലായിൽ**

കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

**മണ്ഡ്യ രൂപതയ്ക്കും പുതിയ മെത്രാനും അഭിനന്ദനങ്ങൾ!**

2010 ഏപ്രിൽ 7 മാനന്തവാടി രൂപതയ്ക്ക് ചരിത്ര മുഹൂർത്തം. അന്നാണ് മാതൃ രൂപതയായ മാനന്തവാടി രൂപതയുടെ രണ്ടാമത്തെ പുത്രിയായ മണ്ഡ്യ രൂപതയുടെ ഔദ്യോഗിക സ്ഥാപനവും, രൂപതയിൽ നിന്നുള്ള 3-ാമത്തെ മെത്രാന്റെ സ്ഥാനാരോഹണവും. 7-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഹിങ്കൽ ഇൻഫന്റ് ജീസസ് കത്തീഡ്രലിന്റെ ഗെയിറ്റിനു മുന്നിൽ അഭിവന്ദ്യ മെത്രാൻമാരെ ആഘോഷമായി സ്വീകരിച്ചാനയിച്ചുകൊണ്ട് പരിപാടികൾ ആരംഭിച്ചു. വാദ്യമേളങ്ങളുടെയും യൂണിഫോറമണിഞ്ഞ വോളണ്ടിയർമാരുടേയും അകമ്പടിയോടെ ഹിങ്കൽ കത്തീഡ്രൽ ദേവാലയത്തിൽ പ്രവേശിച്ച മെത്രാന്മാർ തിരുവസ്ത്രങ്ങളണിഞ്ഞ് പ്രദക്ഷിണമായി നിയുക്തമെത്രാൻ മാർ ജോർജ് ഞരളക്കാട്ടിനെ പ്രത്യേകം സജ്ജമാക്കിയ വേദിയിലേക്കാനയിച്ചു. നമ്മുടെ അതിരൂപതാദ്ധ്യക്ഷനായ മാർ ജോർജ് വലിയമറ്റം പിതാവ് മുഖ്യകാർമ്മികനും, നമ്മുടെ ആദ്യമെത്രാനും തൃശൂർ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയുമായ മാർ ജേക്കബ് തൂങ്കുഴി, നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം എന്നിവർ സഹകാർമ്മികരായിരുന്നു. മെത്രാഭിഷേകത്തിനുശേഷം പുതിയ മെത്രാന്റെ നേതൃത്വത്തിൽ തുടർന്ന ദിവ്യബലിമദ്ധ്യേ വചനപ്രഘോഷണം നടത്തിയത് ബാംഗ്ലൂർ അതിരൂപതാദ്ധ്യക്ഷനായ മോസ്റ്റ് റവ.ഡോ. ബർണാർഡ് മോറസ് പിതാവായിരുന്നു. വി. ബലിയ്ക്കുശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ബൽത്തങ്ങാടി രൂപത മെത്രാൻ മാർ ലോറൻസ് മുക്കുഴി, കർണ്ണാടക സംസ്ഥാനത്തെ പ്രതിപക്ഷ നേതാവ് ശ്രീ. സിദ്ധരാമയ്യ എന്നിവർ പ്രസംഗിച്ചു.

മെത്രാഭിഷേക ചടങ്ങുകൾ വലിയ ദൈവാനുഭവത്തിന്റെയും, ഐക്യത്തിന്റേയും സൗഹാർദ്ദത്തിന്റേയുമൊക്കെ ഊഷ്മളത നിറഞ്ഞ ഒരവസരമായിരുന്നു. വിവിധ കമ്മിറ്റികളുടെ തികഞ്ഞ ആത്മാർത്ഥത

യോടെയുള്ള പ്രവർത്തനങ്ങളും രൂപതാ പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റം, ഹിങ്കൽ ഇൻഫന്റ് ജീസസ് കത്തീഡ്രൽ വികാരി റവ. ഫാ. പോൾ കൂട്ടാല, MST റീജിയണൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ, CMI മൈസൂർ പ്രൊവിൻഷ്യൽ റവ. ഫാ. വർഗ്ഗീസ് കോളുതറ എന്നിവരുടെ നേതൃത്വവും, ഹിങ്കൽ ഇടവകാംഗങ്ങളുടെ സ്തുത്യർഹമായ സഹകരണവും മെത്രാഭിഷേക ചടങ്ങുകൾ അവിസ്മരണീയമാക്കി. വിവിധ കമ്മിറ്റികളെയും നേതൃത്വം വഹിച്ചവരേയും ത്യാഗപൂർവ്വം സഹകരിച്ച ബഹു. സിസ്റ്റേഴ്സ് ഇതര അത്മായ സുഹൃത്തുക്കൾ എന്നിവരേയെല്ലാം ഏറെ നന്ദിയോടും സ്നേഹത്തോടും കൂടി അനുസ്മരിക്കട്ടെ. അവർക്ക് എത്രമാത്രം നന്ദി പറഞ്ഞാലും മതിയാവുകയില്ല. അവരുടെ ത്യാഗത്തിനും ആത്മാർത്ഥതയ്ക്കും നല്ല ദൈവം അവരെ അനുഗ്രഹിക്കട്ടെ. കൂടാതെ മറ്റനേകം പേരുടെ പലവിധത്തിലുള്ള സഹായ സഹകരണങ്ങളും ഏറെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് പുതിയ രൂപതയ്ക്കും മണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായ മാർ ജോർജ് ഞരളക്കാട്ട് പിതാവിനും എല്ലാ നന്മകളും ആശംസകളും പ്രാർത്ഥനകളും നേരുന്നു. പുതിയ രൂപതയെയും ഇടയനേയും നമ്മുടെ പ്രാർത്ഥനകളും ഇതര സഹായങ്ങളും വഴി നമുക്ക് തുടർന്നും സഹായിക്കാം.

**പുതിയ മെത്രാസനം**

മണ്ഡ്യ രൂപതയുടെ പുതിയ മെത്രാന്റെ ആസ്ഥാനം മൈസൂർ മണ്ഡ്യ റോഡിൽ മണ്ഡ്യയ്ക്ക് 7 കി.മീ. ഇപ്പുറമുള്ള കാളനഹള്ളിയാണ്. ഏപ്രിൽ 9–ാം തീയതി മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം പുതിയ മെത്രാസനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. മൈസൂർ രൂപതാമെത്രാൻ റൈറ്റ് റവ. ഡോ. തോമസ് വാഴപ്പള്ളി, ഭദ്രാവതി രൂപതാ മെത്രാൻ മാർ ജോസഫ് അരുമച്ചാടത്ത്, MST റീജിയണൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ, CMI മൈസൂർ പ്രൊവിൻഷ്യൽ റവ. ഫാ. വർഗ്ഗീസ് കോളുതറ, പുതിയ രൂപതാംഗങ്ങളായ ബഹു. വൈദികർ, സന്യസ്തർ, അത്മായ പ്രതിനിധികൾ എന്നിവരും സന്നിഹിതരായിരുന്നു. തങ്ങളുടെ ഭവനം മെത്രാസനത്തിനായി വിട്ടുതന്ന MST സമൂഹത്തിനും ചുരുങ്ങിയ നാളുകൊണ്ട് ആ ഭവനം പുതുക്കിപ്പണിത് മനോഹരമാക്കാൻ നേതൃത്വം നൽകിയ മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റത്തിലച്ചനും പണികൾ നിർവ്വഹിച്ച ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## ബഹു. വൈദികരുടെ സ്ഥലം മാറ്റം

ഇക്കൊല്ലം നമ്മുടെ രൂപതയിൽ വൈദികരുടെ സ്ഥലംമാറ്റം മെയ് മാസം 15-ാം തീയതിയാണ്. 16-ാം തീയതി പുതിയ സ്ഥലങ്ങളിൽ ചാർജ്ജെടുക്കുന്നു. സ്ഥലം മാറിപ്പോകുന്ന ഓരോരുത്തർക്കും പുതിയ സ്ഥലത്ത് എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. ഇപ്പോൾ ആയിരിക്കുന്നിടത്ത് ചെയ്ത സേവനങ്ങൾക്ക് നല്ല ദൈവം നൂറിരട്ടിയായി പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സ്ഥലം മാറ്റത്തിനു മുൻപ് ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

1 പുതുതായി വരുന്ന അച്ചന് പുതിയ സ്ഥലത്തെ സേവനം എളുപ്പമാകുവാൻ സഹായിക്കുമാറ് വിശദമായ ഒരു റിപ്പോർട്ട് എഴുതി ഏൽപ്പിക്കുന്നത് നന്നായിരിക്കും. വിശദമായ റിപ്പോർട്ടിന്റെ ചുരുക്കം സ്ഥലമാറ്റ റിപ്പോർട്ട് ഫോമിൽ രേഖപ്പെടുത്തി ഒപ്പിട്ട് അതിന്റെ 2 കോപ്പികൾ പുതിയ വികാരിയെ ഏൽപ്പിക്കുക. പുതിയ വികാരി കൂടി ഒപ്പിട്ട് അതിന്റെ ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും മറ്റേ കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരികയും ചെയ്യണം.

2. പള്ളിയുടെ / സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി പുതിയ വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

## അഭിനന്ദനങ്ങൾ

പി.ജി. പഠനം പൂർത്തിയാക്കി വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്ര പഠനത്തിനായി ഒരുങ്ങുന്ന ബ്ര. ആന്റോ ചിറയിൽപറമ്പിൽ, ബ്ര. അനീഷ് കാട്ടാത്ത്, ബ്ര. സാന്റോ അമ്പലത്തറ, ബ്ര. ജിനോ മേക്കാട്ട്. ബ്ര. ബൈജു പച്ചിക്കൽ എന്നിവർക്ക് ഹാർദ്ദവമായ അനുമോദനങ്ങളും ദൈവാനുഗ്രഹവും നേരുന്നു.

## സ്നേഹസ്മരണ

ബഹു. കൊല്ലിത്താനത്തച്ചന്റെ ചരമവാർഷികം ജൂൺ 3-ാം തീയതിയും ബഹു. കാട്ടൂരച്ചന്റേത് 8-ാം തീയതിയുമാണ്. ഈ രണ്ടു വൈദികരെയും നമ്മുടെ പ്രാർത്ഥനകളിലും ബലികളിലും പ്രത്യേകം അനുസ്മരിക്കാം. ജൂൺ 3-ാം തീയതി രാവിലെ 7 മണിക്ക് സീയോൻ ചാപ്പലിൽ ബഹു. കൊല്ലിത്താനത്തച്ചനുവേണ്ടിയുള്ള വി. കുർബാനയുണ്ടായിരിക്കും.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ

2010 മാർച്ച് 27-ാം തീയതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിന് വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ സ്വാഗതം ആശംസിച്ചു. സി. ബെൻസി സി.എം.സി. യുടെ പ്രാർത്ഥനാ വചനങ്ങളോടെയാണ് യോഗം ആരംഭിച്ചത്. പിതാവ് തന്റെ ആശയ സംപുഷ്ഠമായ അധ്യക്ഷ പ്രസംഗത്തിൽ താഴെപ്പറയുന്ന ആശയങ്ങൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1. പൗരോഹിത്യ ദൗത്യം ഇടയദൗത്യമാണ്. അത് എല്ലാവരുടെയും ദൗത്യമാണ്. അവരവരായിരിക്കുന്ന തലത്തിൽ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് നല്ല ഇടയന്മാരാകാനുള്ള പരിശ്രമവും പ്രോത്സാഹനവും ഉണ്ടാകണം. ഇങ്ങനെ ചിന്തിക്കുമ്പോൾ വൈദിക വർഷാചരണത്തിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകും. എല്ലാവരുടെയും പങ്കാളിത്വത്തിന്റെ അനിവാര്യത അനുഭവപ്പെടും.
2. ദൈവത്തെ കുടിയിറക്കാനുള്ള ശ്രമങ്ങളാണെവിടെയും. ദൈവത്തെ കുടിയിറക്കി ധാർമ്മികത തുടച്ചുനീക്കാനുള്ള ഗൂഢനീക്കങ്ങൾ എല്ലാ തലങ്ങളിലും ശക്തിപ്രാപിക്കുന്നു. അതിനാൽ നമ്മൾ കൂടുതൽ ജാഗ്രത പുലർത്തണം.
3. മാർക്സിസം ഒരു മതമാണ്. ഒരാൾക്ക് ഒരേസമയം രണ്ടു മതങ്ങളിൽ ആത്മാർത്ഥതയോടെ ആയിരിക്കാനാവില്ല. അതുകൊണ്ടാണ് ഒരു ക്രിസ്ത്യാനിക്കൊരിക്കലും മാർക്സിസ്റ്റാവാനാകില്ലെന്നു പറയുക. നമ്മേ സംബന്ധിച്ച് ലക്ഷ്യവും മാർഗ്ഗവും ശുദ്ധമായിരിക്കണം.
4. ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തണം. ജനാധിപത്യത്തിൽ വോട്ടവകാശം വളരെ പ്രധാനപ്പെട്ടതാണ്. യഥാസമയം വോട്ട് ചേർക്കുകയും വിവേകത്തോടെ വിനിയോഗിക്കുകയും വേണം.

ബഹു. വികാരിജനറാൾ മോൺ. ജോർജ് മൂലയിലച്ചൻ തന്റെ സ്വാഗത പ്രസംഗം അംഗങ്ങളിൽ ആദ്ധ്യാത്മിക അവബോധം ഉളവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടത്തിയത്. വൈദീകർ ദൈവ

ത്തിനും മനുഷ്യർക്കുമിടയിൽ പാലം പണിയുന്ന മധ്യസ്ഥരാണെന്നും അതിനാൽ അവർ മനുഷ്യത്വ പൂർണ്ണതയുള്ളവരാകാൻ ശ്രമിക്കണമെന്നും ആഹ്വാനം ചെയ്തു. ക്രൂശിൽ കിടന്ന് വിലപിക്കുന്ന ക്രിസ്തുവിനെപോലെ "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ"യെന്ന ചിന്തയുള്ളവരാകണം – മനുഷ്യർക്കുവേണ്ടി യാചിക്കുന്നവനാകണം പുരോഹിതൻ. വൈദികവർഷത്തിൽ ദൈവജനവും പുരോഹിതഗണവും ഒന്നിച്ചൊന്നായി ദൈവത്തിങ്കലേയ്ക്ക് അടുക്കണമെന്ന് അച്ചൻ എല്ലാവരേയും ഓർമ്മിപ്പിച്ചു.

പുതുതായി രൂപംകൊണ്ട മണ്ഡ്യ രൂപതയെക്കുറിച്ചും, രൂപതയുടെ വളർച്ചയിൽ നാം പങ്കാളികളാകേണ്ടതിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് വ്യക്തമാക്കി. മെത്രാഭിഷേക ചടങ്ങിൽ മാനന്തവാടി രൂപതയിലെ ദൈവജനം ആത്മാർത്ഥമായി സഹകരിക്കണമെന്നാവശ്യപ്പെട്ടു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് വൈദീക വർഷാചരണം, ഇടവകയിൽ ജാഗ്രതാസമിതികൾ എന്നീ രണ്ട് വിഷയങ്ങൾ ചർച്ചക്കായി അവതരിപ്പിച്ചു. നിരവധിപേർ ചർച്ചയിൽ പങ്കെടുത്തു. ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു.

1. വൈദികവർഷാചരണവുമായി ബന്ധപ്പെട്ട് അൽമായ നേതാക്കളും സിസ്റ്റർ സുപ്പീരിയേഴ്സും സംയുക്തമായി രൂപപ്പെടുത്തിയ പ്രവർത്തനമാർഗ്ഗരേഖയിൽ പറയുന്ന കാര്യങ്ങൾ ഇടവകാതലത്തിലും രൂപതാതലത്തിലും പരമാവധി നടപ്പിലാക്കുക.
2. വൈദീക വിദ്യാർത്ഥികളുടെ പഠനചെലവും വൈദിക ക്ഷേമ പ്രവർത്തനങ്ങളും ദൈവജനം മുഴുവന്റെയും ചുമതലയാണെന്ന അവബോധം വളർത്തുകയും ധനസമാഹരണം ഉൾപ്പെടെ അനുയോജ്യമായ കർമ്മപരിപാടികൾ ബന്ധപ്പെട്ട സമിതികളിൽ ആലോചിച്ച് നടപ്പിലാക്കുകയും ചെയ്യുക.
3. സമൂഹമധ്യത്തിൽ സഭയ്ക്ക്വേണ്ടി ശക്തരായ വക്താക്കളെ രൂപപ്പെടുത്തുക, ഒരു നല്ല സഭാവിശ്വാസിയെന്ന നിലക്കുള്ള കടമകൾ യഥാസമയം നിറവേറ്റാൻ കൂടുതൽ പേരെ സന്നദ്ധരാക്കുക, സഭയുടെ അൽമായ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തി വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി ബഹു. വികാരിമാരുടെ വിവേകപൂർവ്വമായ തെരഞ്ഞെടുപ്പിലൂടെ ഇടവകകളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുക.

അടിയന്തര ഘട്ടങ്ങളിൽ ആലോചിച്ച് തീരുമാനങ്ങൾ എടുക്കുവാൻ പാസ്റ്ററൽ കൗൺസിലിന് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുണ്ടാകുന്നത് നല്ലതാണെന്ന അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശം സമ്മേളനം സ്വാഗതം ചെയ്തു.കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ താമസിയാതെ സ്വീകരിക്കുന്നതായിരിക്കുമെന്ന് അഭിവന്ദ്യപിതാവ് അറിയിച്ചു.

സമ്മേളനത്തിന്റെ അവസാനഭാഗത്ത് ഹാളിലേക്കു കടന്നുവന്ന മണ്ഡ്യ രൂപതയുടെ നിയുക്തമെത്രാൻ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിനെ അംഗങ്ങൾ ഹർഷാരവത്തോടെ സ്വീകരിച്ചു. സ്നേഹ സൂചകമായി ശ്രീ. പി.ഒ. മാത്യുസാർ പിതാവിന് പൂച്ചെണ്ട് നൽകി വേദിയിലേയ്ക്ക് ആനയിച്ചു. സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പിതാവ് എല്ലാവരേയും മെത്രാഭിഷേക ചടങ്ങിന് ക്ഷണിച്ചു. പുതിയ രൂപതയ്ക്ക് എല്ലാവരുടെയും എല്ലാവിധ സഹായ സഹകരണങ്ങളും അഭ്യർത്ഥിച്ചു. സമ്മേളനത്തിന് കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് സജിൻജോസ് ചാലിൽ നന്ദിരേഖപ്പെടുത്തി. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

**തോമസ് ഏറണാട്ട്**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# മതബോധനരംഗം

2009-2010 അധ്യയനവർഷം അവസാനിച്ചു. പരീക്ഷകളും മൂല്യ നിർണ്ണയവും നടത്തി. ഇതിന്റെ പശ്ചാത്തലത്തിൽ ഈ കഴിഞ്ഞ വർഷത്തെ വിശ്വാസപരിശീലനത്തെ വളരെ ശ്രദ്ധയോടെ അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ വിശകലനം ചെയ്യുമല്ലോ. കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റും, പരീക്ഷാപേപ്പറുമെല്ലാം പരിശോധിച്ചപ്പോൾ ചില ഇടവകകളിലെ വിശ്വാസോത്സവം, വചനഡയറി, ക്ലാസ്സുകളിലെ അധ്യാപനം എന്നിവയിലെല്ലാം വലിയ പോരായ്മകൾ ശ്രദ്ധിക്കപ്പെട്ടു. അധ്യാപകർ വളരെ ഗൗരവമായി ഈ കാര്യം ശ്രദ്ധിക്കണമെന്നും, കുട്ടികളുടെ വിശ്വാസ ജീവിത പരിശീലനമാണ് നാം ലക്ഷ്യമാക്കേണ്ടതെന്നും മനസ്സിലാക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ കുട്ടികളുടെ റിസൾട്ടും, മറ്റു കാര്യങ്ങളും ശ്രദ്ധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### അധ്യാപക പരിശീലനം

അടുത്ത അധ്യയനവർഷത്തെ അധ്യാപക പരിശീലനം താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ നടത്തുന്നു. അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

| ക്ലാസ് | തീയതി | സ്ഥലം |
|---|---|---|
| XII | മെയ് 30-31 | പാസ്റ്ററൽ സെന്റർ ദ്വാരക |
| X, XI | ജൂൺ 5-6 | പാസ്റ്ററൽ സെന്റർ ദ്വാരക |
| VII, VIII, IX | ജൂൺ 12-13 | പാസ്റ്ററൽ സെന്റർ ദ്വാരക |
| I, II, III | ജൂൺ 25, 26, 27 (25 ന് വൈകുന്നേരം 6.00 മുതൽ 27 വൈകുന്നേരം 4.00 വരെ) | പാസ്റ്ററൽ സെന്റർ ദ്വാരക |
| IV, V, VI | ജൂലൈ 3-4 | പാസ്റ്ററൽ സെന്റർ ദ്വാരക |
| XII | ജൂൺ 19-20 | മണിമൂളി |

എല്ലാ ക്ലാസുകാരുടെയും (I, II, III ഒഴികെ) പരിശീലനം ആരംഭി ക്കുന്ന ദിവസം രാവിലെ 9.30 ന് തുടങ്ങി അടുത്തദിവസം 4.00 മണിക്ക് അവസാനിക്കും. പാഠപുസ്തകം, നോട്ടുബുക്ക് തുടങ്ങിയവ നിർബന്ധ മായും കൊണ്ടുവരണം. ഫീസ് 200/- (1,2,3 ക്ലാസുകൾക്ക് 250/-) പങ്കെ ടുക്കുന്നവരുടെ പേര് ഹെഡ്മാസ്റ്റർമാർ മുൻകൂട്ടി അറിയിക്കണം.

**ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സമ്മേളനം.**

2010-2011 വർഷത്തെ പ്രഥമസമ്മേളനം മെയ് 29-ന് ശനിയാഴ്ച രാവിലെ 10.00 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രസ്തുത സമ്മേളനത്തിൽ XII -ാം ക്ലാസിലെ 1, 2 റാങ്കുകാർ, X -ാം ക്ലാസിലെ 1, 2 റാങ്കുകാർ, ഡിപ്ലോമ പരീക്ഷയിൽ രൂപതയിൽ ഉയർന്ന മാർക്ക് നേടിയ ആദ്യപത്ത് പേർ, ഓരോ ഫൊറോനയിലും ഒന്നാം സ്ഥാന ക്കാർ, 4, 7, ക്ലാസിൽ 1, 2 റാങ്കുകാർ ഓരോ ഫൊറോനയിലും ഒന്നാം സ്ഥാനക്കാർ, HDC 1, 2, 3 റാങ്കുകാർ എന്നിവർക്ക് ക്യാഷ് അവാർഡ് നൽകുന്നതാണ്. പ്രധാനാധ്യാപകർ അന്ന് കുട്ടികളെ കൊണ്ടുവരുവാൻ ശ്രദ്ധിക്കുക.

അന്നേദിവസം HDC പാസ്സായവർ വരുകയും, അവരുടെ സർട്ടി ഫിക്കറ്റ് നേരിട്ട് സമ്മേളനത്തിൽവച്ച് വാങ്ങുകയും ചെയ്യുമല്ലോ.

Teaching Note book, HCC, DCC, HDC എന്നീ കോഴ്സുകളുടെ Reg.form, Diploma, HCC Certificates, Diploma Scholorship Forms, Survay Form,.... എന്നിവ സമ്മേളനത്തിനുവരുമ്പോൾ പ്രധാനാധ്യാപ കർ വാങ്ങിക്കൊണ്ടുപോകേണ്ടതാണ്. സമ്മേളനത്തിന് പകരക്കാരല്ല, HM തന്നെയാണ് വരേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പി ക്കട്ടെ.

**എന്റെ വചനഡയറി**

## കാണിക്ക തന്ന ശാഖകൾ

മുണ്ടേരി – 200, വടക്കനാട് – 50, കുറ്റിമൂല – 150, മരകാവ് – 300, അമരക്കുനി – 1500, നരിവാലമുണ്ട – 70, കാവുംമന്ദം – 250, മണിമൂളി – 3000, അപ്പപ്പാറ – 50, കയ്യൂന്നി – 150, ബെക്കി – 290, ഏലപ്പീടിക – 200, കൽപ്ര – 1706, പാൽച്ചുരം – 550, കുഞ്ഞോം – 500, ചോക്കാട് – 100, ആലാറ്റിൽ – 650, പുതിയിടംകുന്ന് – 50, വഞ്ഞോട് – 155, കണിയാമ്പറ്റ – 200, ഒറ്റപ്ലാവ് – 50, ചുണ്ടക്കര – 300, കുറുമണി – 100, മച്ചിക്കൊല്ലി – 130, റൂബിനഗർ – 555, കൊളവയൽ – 400, തലപ്പുഴ – 400, അടയ്ക്കാതോട് – 620, കരണി – 50, പുതിയിടം – 75, പുതുശ്ശേരി – 150, വാളവയൽ – 920, പാലാങ്കര – 1000, പാലേമാട് – 340, നെല്ലിയോടി – 50, പനവല്ലി – 180.

## ഹൃദയപൂർവ്വം

ഒരു രൂപതാഭരണസമിതിയുടെ കൂടെ പ്രവർത്തനകാലാവധി പൂർത്തിയാവുകയാണ്...

ചെമ്മഞ്ഞക്കൊടിയുടെ പിന്നിൽ സത്പ്രേഷിതകർമ്മങ്ങൾക്കായ് നാമെല്ലാം ഒരുമിച്ചു നിന്ന മൂന്നാണ്ടുകൾ... സ്നേഹ–ത്യാഗ–സേവന–സഹന തത്വങ്ങളെ കർമ്മപഥത്തിലേക്ക് പകർത്താനായുള്ള വിചിന്തനങ്ങൾക്കായ് പലവട്ടം ഒരുമിച്ചിരുന്ന നാളുകൾ...

കഠിനകാലത്തിന്റെ ഊഷരതകളെ ആത്മീയ നന്മയാൽ നനയ്ക്കുവാനായി കൈകോർത്തു നമ്മൾ മുന്നേറിയ വത്സരങ്ങൾ... ചെറുപുഷ്പ

മിഷൻലീഗിന്റെ പ്രേഷിതസമൂഹം സവിശേഷമായ സഹചലനങ്ങൾ തീർത്ത് നേട്ടങ്ങളിലേക്ക് ചുവടുവയ്ക്കുകയായിരുന്നു.

പ്രവർത്തനകാലം പൂർത്തിയാകുമ്പോൾ ആത്മീയമായ ഉൾബലം നൽകി കൂടെ നടന്ന ഇടയചൈതന്യത്തിനാണ് നാം ആദ്യം നന്ദിയർപ്പിക്കുക. സമയത്തിന്റെയും, സമ്പത്തിന്റെയും കണക്കുകൂട്ടലുകൾക്കൊടുവിൽ സംഘം ചേരുന്നത് നിരർത്ഥകമെന്ന് വിശ്വസിച്ച് ഒറ്റയ്ക്കു നിൽക്കാൻ ഭൂരിപക്ഷവും തീരുമാനിക്കുന്ന നവകാലത്ത് നന്മയ്ക്കായി ഒരുമിച്ച് നിൽക്കാൻ നമ്മെ പ്രേരിപ്പിച്ചത് കാൽവരിക്കുരിശിന്റെ തണലിൽ നിന്നും കടന്നുവന്ന തേജസ്വിയായ നല്ലിടയനാണ്.

മിഷൻകുടുംബത്തിന്റെ രക്ഷാധികാരിയായി നമ്മോടൊപ്പമായിരുന്ന അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സ്നേഹവാത്സല്യങ്ങളിലും, തിരുത്തലുകളിലും, പ്രോത്സാഹനത്തിലും ഞങ്ങൾ കണ്ടതും ആ ഇടയഭാവം തന്നെ... പിതാവ് പകർന്നേകിയ പ്രചോദനവും, പ്രോത്സാഹനവും പ്രവർത്തനപഥത്തിൽ നമുക്ക് വലിയ ഊർജ്ജമായെന്ന് നന്ദിയോടെ ഏറ്റുപറയുന്നു.

ശാഖാ-മേഖല ഡയറക്ടർമാരായിരുന്ന വൈദികരെയും പിന്തുണയേകിയ മറ്റു വൈദികരെയും നന്ദിയോടെ ഓർക്കട്ടെ... നിങ്ങളുടെ പിന്തുണയാണ് നമ്മുടെ മുന്നേറ്റങ്ങളുടെ നിർണ്ണായക ശക്തിസ്രോതസായിരുന്നത് എന്നത് നിസ്തർക്കമായ സത്യമാണ്. രൂപതാസമിതിയുടെ തലപ്പത്തിരുന്ന റവ. ഫാ. അബ്രാഹം നാടുകുന്നേൽ, റവ. ഫാ. മാത്യു പുത്തൻപുരയ്ക്കൽ എന്നിവരുടെ സ്നേഹസ്വാധീനം ഒരു കുടുംബമായി നമ്മെ ഒരുമിച്ച് നിർത്തി. മിഷൻലീഗിന്റെ പ്രേഷിതകർമ്മപഥത്തിൽ അംഗങ്ങളെ ഒരുമിച്ച് നിർത്തി അമ്മവാത്സല്യമേകി കൂടെ നടത്തുന്ന പ്രിയ ജോ.ഡയറക്ടേഴ്സ്...ശാഖാ-മേഖലാതലങ്ങളിൽ ഈ സേവനം നിർവ്വഹിച്ച സന്യാസിനികൾക്ക് പ്രാർത്ഥനയോടെ നന്ദി അറിയിക്കുകയാണ്. രൂപതാ കുടുംബത്തിൽ ജോയിന്റ് ഡയറക്ടറായി ഉണ്ടായിരുന്ന സി. സെറിൻ CMC, സി. വിജയ SABS എന്നിവരുടെ പങ്കാളിത്തത്തെയും, പിന്തുണയേയും പ്രത്യേകം സ്മരിക്കട്ടെ. അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമേകി ഞങ്ങളോടൊപ്പമുള്ള അന്തർദേശീയ ഭാരവാഹികളായ റവ. ഫാ. ബെന്നി മുതിരക്കാലായിൽ, തോമസ് ഏറണാട്ട് സാർ, സംസ്ഥാന-ദേശീയ ഭാരവാഹികൾ, പാസ്റ്ററൽ സെന്ററിലെ വൈദികർ എന്നിവരെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

മിഷൻലീഗിന്റെ രൂപതാസമിതിയുടെ ശക്തി നമ്മുടെ ടീം അംഗ

ങ്ങളാണ്. സീനിയർ-ജൂനിയർ ടീം അംഗങ്ങൾ, മേഖലാഭാരവാഹികൾ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെല്ലാം നന്മയ്ക്കായി ഒരുമിച്ച് നിന്നപ്പോഴാണ് നമ്മുടെ പ്രസ്ഥാനം ഏറെ മുന്നേറിയതെന്നത് സത്യം.

ഈ കഴിഞ്ഞ കാലത്തിൽ ഏറെ നേട്ടങ്ങൾ സ്വന്തമാക്കുവാൻ എളിയവരായ നമുക്ക് ദൈവകൃപയാൽ സാധിച്ചു. അതിനെല്ലാം പിന്നിൽ മിഷൻലീഗിനെ സ്വന്തമായ് കരുതി സ്നേഹിക്കുന്ന എളിയ പ്രവർത്തകരുടെ പരിശ്രമവും, പ്രാർത്ഥനയുമാണ്. പ്രിയ പ്രവർത്തകരെ നിങ്ങളുടെ കർമ്മോത്സുകത നമ്മുടെ സംഘടനയുടെ ഭാവി നന്മയ്ക്ക് അനിവാര്യമാണ്. ഊർജ്ജസ്വലരായി നിലനിൽക്കാൻ ഇനിയും നിങ്ങൾക്കാവട്ടെ.

സ്വാർത്ഥമോഹങ്ങളെ നിഹനിക്കുന്ന സ്നേഹഭാവങ്ങൾ ചിരസ്ഥായിയാവുന്ന ഒരു സംസ്കൃതിയെ പടുത്തുയർത്താൻ, കാൽവരിനാഥന്റെ എളിയ പ്രേഷിതരായ് ഇനിയും നമുക്കൊരുമിച്ച് നിൽക്കാം.

പ്രേഷിതാശംസകളോടെ, നന്ദിയോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

യുവജനങ്ങൾ വർണ്ണാഭമായ സ്വപ്നങ്ങൾ വിരിയിക്കുന്ന, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതത്തിന്റെ ഭാവി, ഭൂരിപക്ഷം വരുന്ന യുവത്വത്തിന്റെ കരങ്ങളിലാണ് എന്ന് തിരിച്ചറിയേണ്ട കാലമായി. രാഷ്ട്രത്തിന്റെ സുന്ദരമായ ഭാവിയെ സ്വപ്നം കാണുന്ന യുവതലമുറ ഉത്തരവാദിത്വമുള്ള പൗരനെന്നനിലയിൽ രാഷ്ട്രനിർമ്മിതിയിൽ പങ്കുപറ്റുന്ന ക്രിയാത്മകമായ ഒരു രാഷ്ട്രീയ ദർശനം രൂപപ്പെടുത്തണം. കക്ഷി രാഷ്ട്രീയത്തിലെ മൂല്യച്യുതിയും, തിന്മകളും, അക്രമങ്ങളും-അധാർമ്മികതയുടെ വേലിയേറ്റം സൃഷ്ടിക്കുമ്പോൾ യുവജനങ്ങൾ രാഷ്ട്രീയ പാർട്ടികളെ തിരഞ്ഞെടുക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. മുമ്പിലുള്ളത് തിന്മകൾ മാത്രമാകുമ്പോൾ കുറഞ്ഞ തിന്മയെ തിരഞ്ഞെടുക്കേണ്ടതായി വരും. നിരീശ്വര പ്രത്യയശാസ്ത്രങ്ങളിലടിയുറച്ച്, സമൂഹത്തെ വർഗ്ഗങ്ങളാക്കി തിരിച്ച്, ലക്ഷ്യം നേടാൻ ഏത് മാർഗ്ഗവും സ്വീകരിക്കുന്ന പ്രവണതയെ അനുകൂലിക്കാൻ നമുക്കാവില്ല.

ദൈവവിശ്വാസത്തിലും, ധാർമ്മികജനാധിപത്യമൂല്യങ്ങളിലും അടിയുറച്ച ഒരു സമൂഹത്തിന്റെ വക്താക്കളാകുവാൻ ക്രിസ്തീയ യുവതലമുറയും യുവജനപ്രസ്ഥാനവും പൊതുരംഗത്ത് ഇറങ്ങേണ്ട സമയമായി.. അടുത്ത് വരുന്ന ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ രാഷ്ട്രപുരോഗതിയും സാമൂഹികക്ഷേമവും ലക്ഷ്യംവച്ച് ധാർമ്മിക ജനാധിപത്യമൂല്യങ്ങളുടെ വക്താക്കളായി തിരഞ്ഞെടുപ്പ് പ്രക്രിയയിൽ മുന്നിട്ടിറങ്ങുവാൻ യുവജന പ്രസ്ഥാനത്തിന് കഴിയണം. ജനാധിപത്യമൂല്യങ്ങളുടെ ശോഷണം കേരളത്തിൽ അരങ്ങ് തകർക്കുമ്പോൾ രാഷ്ട്രീയ പാർട്ടികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് തിരിച്ചറിഞ്ഞ് ഉത്തരവാദി

ത്ത്വബോധത്തോടും പൊതുജനസേവന ലക്ഷ്യത്തോടെയും മൂല്യാധിഷ്ടിതസമൂഹത്തിന്റെ ശില്പികളാകുവാൻ രാഷ്ട്രീയ മേഖലയിലെ വെല്ലുവിളികൾ നിറഞ്ഞ ദൗത്യം ഏറ്റെടുക്കുവാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ.

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

## 'ആത്മദർശൻ – 2010'

കെ.സി.വൈ.എം രൂപതാസമിതിയുടെ നേതൃത്വത്തിൽ മാർച്ച് 26-ന് മലയാറ്റൂർ കുരിശുമലയിലേക്ക് പദയാത്ര ആരംഭിക്കുകയും 30 -ന് അവിടെ എത്തിച്ചേരുകയും ചെയ്തു. ഏറെ ഒരുക്കത്തോടെ കേണിച്ചിറ, തവിഞ്ഞാൽ, തോമാട്ടുചാൽ, പുതിയിടംകുന്ന്, ചിത്രഗിരി തുടങ്ങിയ യൂണിറ്റുകളിൽ നിന്നും 10 യുവജനങ്ങൾ പദയാത്രയിൽ പങ്കെടുത്തു. 5 ദിവസത്തെ പദയാത്രയ്ക്കുശേഷം മലയടിവാരത്തിലെത്തുകയും രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും സെക്രട്ടറിയേറ്റ് അംഗങ്ങൾക്കൊപ്പം കുരിശുമല കയറുകയും മലമുകളിലെ പള്ളിയിൽ വി.ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## 'പ്രചോദിനി – 2010' – വനിതാസംഗമം

സ്ത്രീശാക്തീകരണം പ്രഹസനമായിമാറുന്ന ആധുനിക സമൂഹത്തിൽ സ്ത്രീ ശക്തിയാണെന്ന് തിരിച്ചറിയാൻ കെ.സി.വൈ.എം മാനന്തവാടി രൂപത ഒരുക്കിയ വനിതാസംഗമം 'പ്രചോദിനി -2010' ഏപ്രിൽ 14-ന് പുൽപ്പള്ളി സെന്റ് ജോർജ് റ്റി. റ്റി. ഐ യിൽ വച്ച് നടന്നു. ശ്രീ. കല്പറ്റ നാരായണൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. രൂപതാ വൈസ്പ്രസിഡന്റ് കുമാരി സീന എടമറ്റത്തിൽ അദ്ധ്യക്ഷയായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർത്തോട്ടം, റവ. ഫാ. തോമസ് ചാപ്രത്ത്, ICYM നാഷണൽ ജനറൽ സെക്രട്ടറി കുമാരി ജോയ്സ് മേരി ആന്റണി, രൂപത ആനിമേറ്റർ സി. ജെസ്‌ലിമ SD, രൂപതാ പ്രസിഡണ്ട് സജിൻ ജോസ് ചാലിൽ, ജനറൽ സെക്രട്ടറി ബെന്നി പനച്ചിക്കൽ, കുമാരി നീന എന്നിവർ പ്രസംഗിച്ചു. സി. റ്റെർലി SD ക്ലാസ്സെടുത്തു. തുടർന്ന് പുല്പള്ളി ടൗണിലേക്ക് നടന്ന റാലിയെ അഭിസംബോധന ചെയ്ത് കുമാരി ജോയ്സ് മേരി ആന്റണി, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബിജു മാത്യു അരീക്കാട്ട് എന്നിവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നും 210 ഓളം വനിതകൾ പങ്കെടുത്തു. രൂപതാ സിൻഡിക്കേറ്റ് സെക്രട്ടറിയേറ്റ് അംഗങ്ങൾ ബിബിൻ ചേമ്പക്കര, പോൾ വി.റ്റോം, ആഷിലിൻ, ചിഞ്ചു, ജെസ്ന, സി. ആൻസ് മരിയ തുടങ്ങിയവർ നേതൃത്വം നൽകി.

വിവിധ യൂണിറ്റുകളിൽ നിന്നും വനിതകളെ പങ്കെടുപ്പിക്കുവാൻ യത്നിച്ച എല്ലാ ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**മെമ്പർഷിപ്പ് ക്യാമ്പയിൻ**

ഏവരുടെയും അഭ്യർത്ഥനമാനിച്ച് മെമ്പർഷിപ്പ് പുതുക്കുന്ന തീയതി മെയ് 10 വരെ നീട്ടിയിരിക്കുന്നു. ഏവരും ഈ അവസരം വിനിയോഗിച്ച് നിങ്ങളുടെ യൂണിറ്റിലെ അംഗങ്ങളുടെ ലിസ്റ്റും ഫോട്ടോയും അംഗത്വഫീസും നിശ്ചിത തീയതിക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ഫോട്ടോ ഒട്ടിക്കാതെ പിൻ ചെയ്ത് തരേണ്ടതാണ്.

**യുവദർശൻ, രാഷ്ട്രദർശൻ**

യൂണിറ്റുകളിലെയും മേഖലകളിലെയും പരമാവധി യുവജനങ്ങളെ അവധിക്കാലത്ത് ഒരുമിച്ച്കൂട്ടി 'യുവദർശൻ' 'രാഷ്ട്രദർശൻ' ക്യാമ്പ് സംഘടിപ്പിക്കുവാൻ മേഖല യൂണിറ്റ് നേതൃത്വങ്ങൾ പരിശ്രമിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

മണ്ഡ്യ രൂപത മെത്രാൻ മാർ ജോർജ് ഞരളക്കാട്ട്, താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ, രാമനാഥപുരം രൂപതാ മെത്രാൻ മാർ പോൾ ആലപ്പാട്ട്, വാരാപ്പുഴ അതിരൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ എന്നിവർക്ക് മാനന്തവാടി കെ.സി.വൈ.എം രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ. പ്രവർത്തനമേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**ആത്മീയം 2010**

പന്തക്കുസ്താ രാവിന്റെ യാമങ്ങളിൽ യുവജനങ്ങളെ ആത്മനിറവിൽ ജ്വലിപ്പിക്കുവാൻ എല്ലാ വർഷവും നടത്തുന്ന പന്തക്കുസ്താ ജാഗരണ പ്രാർത്ഥന കല്പറ്റ ഡിപോൾ ഫൊറോനാ പള്ളിയിൽവച്ച് മെയ് 22 ന് നടത്തുന്നു. വൈകിട്ട് 6.30 ന് ആരംഭിക്കുന്ന പ്രാർത്ഥനാ സംഗമം 23 ന് രാവിലെ 6 മണിക്ക് ദിവ്യബലിയോടെ സമാപിക്കും. ജാഗരണ പ്രാർത്ഥനയ്ക്ക് ഓരോ യൂണിറ്റിൽ നിന്നും കുറഞ്ഞത് 15 പേരെയെങ്കിലും പങ്കെടുപ്പിക്കുന്നതിന് യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**മേഖലാവാർത്തകൾ - തരിയോട് മേഖല**

കെ.സി.വൈ.എം തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ വർഷാവസാന പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കുമായി കാവുംമന്ദം ലൂർദ്ദ് പള്ളിയിൽ വച്ച് ജാഗരണപ്രാർത്ഥന

നടത്തി. കാവുംമന്ദം ഇടവക വികാരി റവ. ഫാ. വിൻസെന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർത്തോട്ടം വചന പ്രതിഷ്ഠയും സന്ദേശവും നൽകി. റവ. ഫാ. റെജി മുതുകത്താനി വചന പ്രഘോഷണം നടത്തി. മേഖല ആനിമേറ്റർ സി. ലിൻസ FCC, യൂണിറ്റ് ആനിമേറ്റർ സി. സാനിറ്റ FCC എന്നിവർ നേതൃത്വം നൽകി.

**കല്ലോടി മേഖല**

മാർച്ച് 26 ന് മലയാറ്റൂർ ഗുരുസന്നിധിയിലേക്ക് പദയാത്ര നടത്തി. ഏപ്രിൽ 11 ന് മേഖലയുടെ നേതൃത്വത്തിൽ കാഞ്ഞിരക്കാട്ട് മലകയറ്റം നടത്തി. ഏപ്രിൽ 14 ന് പുൽപ്പള്ളിയിൽ വച്ചുനടന്ന രൂപത വനിതാസംഗമത്തിൽ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും യുവതികൾ പങ്കെടുത്തു. മണ്ഡ്യ രൂപതാ മെത്രാൻ മാർ. ജോർജ് ഞരളക്കാട്ട് പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ മേഖലാ ഭാരവാഹികൾ പങ്കെടുത്തു.

**പടമല യൂണിറ്റ്**

പടമല യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ വൃദ്ധ മാതാപിതാക്കൾക്ക് കുമ്പസാരിക്കാനും വി.കുർബാന സ്വീകരിക്കാനുമുള്ള അവസരം ഒരുക്കികൊടുക്കുകയും തുടർന്ന് സ്നേഹവിരുന്ന് നൽകുകയും ചെയ്തു.

**പാലേമാട് യൂണിറ്റ്**

പാലേമാട് യൂണിറ്റിലെ യുവജനങ്ങൾക്ക് വേണ്ടി ഒരുമണിക്കൂർ ആരാധനയും പ്രാർത്ഥനയും ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തുകയും 25 യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. യൂണിറ്റിലെ യുവജനങ്ങൾ ചോക്കാട് SD സിസ്റ്റേഴ്സ് നടത്തുന്ന അഗതിമന്ദിരം സന്ദർശിക്കുകയും സാമ്പത്തിക സഹായമായി 5000 രൂപയും വസ്ത്രങ്ങളും പഴവർഗ്ഗങ്ങളും നൽകി സഹായിക്കുകയും ഏതാനും മണിക്കൂറുകൾ അവരോടൊത്ത് പ്രാർത്ഥനയിലും സൗഹൃദസംഭാഷണത്തിലും ചിലവഴിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**മരക്കടവ് യൂണിറ്റ്**

കെ.സി.വൈ.എം മരക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ മദ്യവിരുദ്ധ കൺവെൻഷനിൽ സ്ത്രീപുരുഷന്മാരെ പങ്കെടുപ്പിക്കുകയും അതിന്റെ ചിലവുകൾ വഹിക്കുകയും ചെയ്തു. വിലക്കയറ്റത്തിനും കാർഷിക വിലത്തകർച്ചയ്ക്കുമെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കലക്ട്രേറ്റ് പടിക്കൽ നടത്തിയ ഉപവാസ സമരത്തിൽ യൂണിറ്റിൽ നിന്നും 3 പേർ പങ്കെടുത്തു.

### ചെന്നലോട് യൂണിറ്റ്

15 -ാമത് മലയാറ്റൂർ തീർത്ഥാടനം 'ആത്മദർശൻ -2010' ഇടവക യിൽ നിന്നും 6-4-10 ന് പുറപ്പെട്ടു. 106 പേർ പങ്കെടുത്തു. പിന്നീട് ഭരണ ങ്ങാനം, രാമപുരം തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. ജോൺസൺ ചക്കാലയ്ക്കൽ, ഷിജോ പുരയ്ക്കൽ, സി. ഡോണ SCV തുടങ്ങിയവർ നേതൃത്വം നൽകി.

ദുഃഖവെള്ളിയാഴ്ച യേശുവിന്റെ പീഡാസഹനത്തിന്റെ പരി പൂർണ്ണ പൂർത്തീകരണമായ കുരിശുമരണത്തിന്റെ ദൃശ്യാവിഷ്ക്കാരം കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ ചെന്നലോട് പള്ളിയിൽനിന്നും കാവുംമന്ദം H.S ലോട്ട് നടത്തുകയുണ്ടായി. കെ.സി.വൈ.എം ന്റെ നേതൃ ത്വത്തിൽ ഉയിർപ്പ്ദൃശ്യം വളരെ വിജയകരമായി നടത്തി. ചെന്നലോട് പള്ളിയുടെ കവാടത്തിന് മുന്നിൽ കെ.സി.വൈ.എം നോട്ടീസ് ബോർഡ് സ്ഥാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കുന്നത്തേട്ട് നാട മുറിച്ച് ഉദ്ഘാടനം ചെയ്തു.

### പേര്യ യൂണിറ്റ്

12-3-10 ന് കെ.സി.വൈ.എം പേര്യ യൂണിറ്റിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന സംഘടിപ്പിക്കുകയും യുവജനങ്ങൾ പങ്കെടുക്കു കയും ചെയ്തു. അന്നേദിവസം ഇടവകയിലെയും ഇടവകയ്ക്ക് പുറ ത്തുള്ളതുമായ 10 -ാം ക്ലാസ്, +2, ഡിഗ്രി വിദ്യാർത്ഥികളെ ദേവാലയ ത്തിലെത്തിക്കുകയും അവർക്കുവേണ്ടി വികാരിയച്ചൻ പ്രത്യേക പരീക്ഷ ഒരുക്കപ്രാർത്ഥന നടത്തുകയും ചെയ്തു.

### കണിയാരം യൂണിറ്റ്

15 ഓളം യുവജനങ്ങൾ ഒന്നിച്ചുചേർന്ന് 17-3-10 ന് സാമൂഹ്യ സേവനം എന്ന ലക്ഷ്യത്തോടെ സെന്റ് ജോസഫ് റ്റി.റ്റി. ഐ യ്ക്ക് മുൻവശത്തുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം പെയിന്റടിച്ച് വൃത്തിയാക്കു കയും, 1-4-10 ന് കെ.സി.വൈ.എം അംഗങ്ങളുടെ നേതൃത്വത്തിൽ കുരിശു മലയും പരിസരവും വൃത്തിയാക്കുകയും, കുരിശിന്റെ വഴിയിൽ ദൃശ്യാ വിഷ്ക്കാരം നടത്തുകയും ചെയ്തു.

### തരിയോട് യൂണിറ്റ്

ഇടവകയുടെ ചരിത്രപുസ്തക രചനയിൽ കെ.സി.വൈ.എം അംഗ ങ്ങൾ ഇടവക ചരിത്രം രേഖപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചു. പള്ളിയും പരിസരവും വീഡിയോ റെക്കോർഡിംഗ് നടത്തി.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 26 മുതൽ 30 വരെ നടന്ന കോഴ്സിൽ 96 പേരും ഏപ്രിൽ 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 92 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ് 25–29 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂൺ 18–21 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**കത്തോലിക്കാ മാതൃസംഘടന**

16 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ ബഹു. ഡെന്നിസച്ചന്റെ നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു രൂപതാ വാർഷികത്തത്തെക്കുറിച്ച് ചർച്ച നടത്തി. ഏകദേശം 2 മണിയോടെ അവസാനിച്ചു.

**നടവയൽ മേഖല**

2010 മാർച്ച് 13 ന് നടവയലിൽ വെച്ച് മേഖലാ കലാമത്സരങ്ങൾ നടന്നു. രാവിലെ 10 മണിയോടെ ഫൊറോന വികാരി ബഹു. സെബാസ്റ്റ്യൻ പാലക്കിയച്ചൻ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ നടവയൽ 1–ാം സ്ഥാനവും, കേണിച്ചിറ 2–ാം സ്ഥാനവും, ചെറുകാട്ടൂർ 3–ാം സ്ഥാനവും കരസ്ഥമാക്കി. 2010 മാർച്ച് 26 –ാം തീയതി നടവയൽ മേഖലയിൽ രൂപതാ ടീം അംഗങ്ങൾ സന്ദർശനം നടത്തി. വാളവയൽ, കേണിച്ചിറ, നടവയൽ, നെയ്ക്കുപ്പ, ചെറുകാട്ടൂർ, വിളമ്പുകണ്ടം എന്നീ ശാഖകളിൽ നിന്നു അമ്മമാർ പങ്കെടുത്തിരുന്നു. രാവിലെ 9.30 ന് രൂപതാ

ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി, വൈസ്പ്രസിഡന്റ്, രണ്ടു കൗൺസിലേഴ്സ് എന്നിവർ എത്തിച്ചേർന്നു. രാവിലെ 10 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. മേഖല ഡയറക്ടർ ബഹു. തോമസ് തൈക്കുന്നും പുറം അച്ചൻ അദ്ധ്യക്ഷനായിരുന്നു. ഫൊറോന വികാരി സെബാസ്റ്റ്യൻ പാലക്കിയച്ചൻ ആശംസാപ്രസംഗം നടത്തി. ഡയറക്ടർ ഡെന്നിസച്ച നും, ആനിമേറ്റർ സി. ടെസീനയും ക്ലാസ്സെടുത്തു. അതിനുശേഷം ഓരോ ശാഖകളിലെയും അമ്മമാരും ഓരോ രൂപതാ ടീം അംഗങ്ങളും കൂടി ചർച്ചകൾ നടത്തി. ഓരോ ശാഖയിലെയും റിപ്പോർട്ട്, കണക്ക്, ഹാജർ എന്നിവ പരിശോധിച്ചു. ഉച്ചക്ക് ഒരുമണിയോടെ സമ്മേളനം അവ സാനിച്ചു.

## കല്ലോടി മേഖല

2010 മാർച്ച് 13 -ാം തീയതി ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് കല്ലോടി മേഖല മത്സരങ്ങൾ നടത്തി. 9.30 ന് പ്രാർത്ഥനയോടുകൂടി ആരംഭിക്കുകയും മേഖല ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ താന്നിയിൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു. 3 സ്റ്റേജുകളി ലായി മത്സരം ആരംഭിച്ചു. വളരെ സജീവമായി എല്ലാ ശാഖകളും പങ്കെ ടുത്തു. മത്സരത്തിൽ ചുള്ളിയാന 1-ാം സ്ഥാനവും, ദ്വാരക 2-ാം സ്ഥാനവും കരസ്ഥമാക്കി. 3-ാം സ്ഥാനം കല്ലോടി, മക്കിയാട് എന്നീ ശാഖകൾ പങ്കിട്ടെടുത്തു. പൊതുസമ്മേളനത്തിൽ റവ.ഫാ. റെജി മുതു കത്താനി വിജയികൾക്ക് സമ്മാനം നൽകി. മേഖല പ്രസിഡന്റ് മോളി തോപ്പിൽ എല്ലാവർക്കും നന്ദി പറഞ്ഞു. മത്സര ഇനങ്ങളിൽ പങ്കെടുത്ത ശാഖകളെയും, അവരെ പങ്കെടുപ്പിച്ച ആനിമേറ്റർമാരെയും, വികാരിയ ച്ചന്മാരേയും പ്രത്യേകമായി ഓർക്കുന്നു. മത്സരങ്ങൾ സംഘടിപ്പിച്ച ഡയ റക്ടർ അച്ചനേയും ആനിമേറ്റർമാരേയും മറ്റ് എക്സിക്യൂട്ടീവ് അംഗ ങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

## ഗൂഡല്ലൂർ മേഖല

മാർച്ച് 20-ാം തീയതി ശനിയാഴ്ച വിമലഗിരിയിൽ വെച്ച് നട ത്തിയ മത്സരങ്ങളിൽ 7 ഇടവകകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മത്സരത്തിൽ മണ്ണുവയൽ 1 -ാം സ്ഥാനവും, വിമലഗിരി 2-ാം സ്ഥാനവും, ധർമ്മഗിരി 3-ാം സ്ഥാനവും കരസ്ഥമാക്കി. സമ്മാനാർഹരായവർക്ക് മേഖല അടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുവാൻ തീരുമാനിച്ചു. മാതൃസംഘം റീജിയണൽ ഡയറക്ടർ റവ.ഫാ. ജോർജ് പടിഞ്ഞാറ യിൽ നേതൃത്വം നൽകി. ഗൂഡല്ലൂർ റീജിയണൽ ഡയറക്ടർ റവ.ഫാ.

കുര്യാക്കോസ് കുന്നത്ത് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. റീജിയണൽ ആനിമേറ്റർ സി. ടെസ്സി, പ്രസിഡന്റ് ശ്രീമതി തങ്കമ്മ ഓലപ്പുരയ്ക്കൽ, മറ്റു മേഖലാ ഭാരവാഹികൾ എന്നിവർ മത്സരനടത്തിപ്പിൽ സഹകരിച്ചു.

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായുടെ നേതൃത്വത്തിലും ആനിമേറ്റർ സി. ജോസ്ന SKD യുടെ സാന്നിദ്ധ്യത്തിലും മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖല കലാസാഹിത്യ മത്സരങ്ങൾക്ക് പങ്കെടുത്ത അമ്മമാർക്കും സമ്മാനാർഹരായ അമ്മമാർക്കും വികാരിയച്ചൻ പ്രോത്സാഹന സമ്മാനങ്ങൾ കൊടുത്ത് അഭിനന്ദിച്ചു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**മരിയൻ സിംഗിൾസ്**

13-04-2010 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. 13 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 18 ന് 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെതന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽ നിന്നു പിൻതിരിയുകയും ചെയ്താൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും"(2 ദിനവൃത്താന്തം 7:14).

**രണ്ടാംശനി ശുശ്രൂഷകൾ 10-4-2010 കൗൺസിലിംഗ് ദിനം**

തലേരാത്രി പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് ശനിയാഴ്ച കൗൺസിലിംഗ് ശുശ്രൂഷ ചെയ്തു. 65 പേർ വന്ന് കൗൺസിലിംഗ് നടത്തി ആത്മീയ, ശാരീരിക, മാനസിക സൗഖ്യം നേടി പോയി.

**ദമ്പതി കൂട്ടായ്മ**

28 ദമ്പതികൾ ശുശ്രൂഷയിൽ പങ്കെടുത്തു. ബഹു. സണ്ണി പുതനപ്ര അച്ചൻ കുടുംബജീവിതത്തെപ്പറ്റി ക്ലാസ്സെടുത്തു, വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ആരാധന, സെൽഷെയറിംഗ് ഇവ ഉണ്ടായിരുന്നു.

**യുവജന കൂട്ടായ്മ**

26 യുവജനങ്ങൾ ജീസസ് യൂത്ത് കൂട്ടായ്മയിൽ സംബന്ധിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ചു. ജീസസ് യൂത്ത് ലീഡേഴ്സ് അടുത്തുനടത്താനിരിക്കുന്ന ക്രിസ്റ്റീൻ ധ്യാനത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങി.

**മൂന്നാംവെള്ളി സൗഖ്യദിനം 16-4-2010**

9.30 ന് ആരംഭിച്ച ആരാധനയിലും സൗഖ്യാരാധനയിലും അമ്പതോളം ആളുകൾ സംബന്ധിച്ചു. ബഹു. പാറയിൽ അച്ചനും, ശ്രീ ബേബി മൂത്തേടവും, ശ്രീ ചാക്കോച്ചൻ പുത്തൻപുരയും മ്യൂസിക് ടീമും

ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി.


**ധ്യാനങ്ങൾ**

ബഹു. പാറയിൽ അച്ചനും ടീമും കൂന്നൂർ, പാടിച്ചിറ, മംഗലശ്ശേരി എന്നീ ഇടവകകളിൽ ധ്യാനം നടത്തി. ഏപ്രിൽ 13-16 ക്രിസ്റ്റീൻ ധ്യാനം ബഹു. ടോമി പുത്തൻപുര അച്ചന്റേയും ബഹു. പ്രിൻസ് അച്ചന്റേയും യൂത്ത് ടീമിന്റെയും നേതൃത്വത്തിൽ നടത്തി. 206 കുട്ടികൾ പങ്കെടുത്തു. സിയോന്റെ കൗൺസിലേഴ്സ് കുട്ടികൾക്ക് കൗൺസിലിംഗ് നടത്തി.

**സിയോൻ മെയ് മാസത്തിൽ**

| | | |
|---|---|---|
| ഏപ്രിൽ 30 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| മെയ് 1 | - | ആദ്യശനി കൺവെൻഷൻ |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| മെയ് 8 | - | രണ്ടാംശനി, കൗൺസിലിംഗ് ദിനം |
| | - | യുവജനദിനം, ദമ്പതീ കൂട്ടായ്മ |
| 13-16 | - | ക്രിസ്റ്റീൻ ധ്യാനം |
| 21-25 | - | ടീം ധ്യാനം |
| 28 | - | ജാഗരണ പ്രാർത്ഥന - സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി



# ക്രിസ്റ്റീൻ വാർത്തകൾ

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് അവധിക്കാല ക്രിസ്റ്റീൻ ധ്യാനം നടന്നു. ഏപ്രിൽ 13 മുതൽ 16 വരെ നടന്ന ധ്യാനത്തിൽ സിയോൻ ഡയറക്ടർ റവ. ഫാ. ബാബു പാറയിൽ, ക്രിസ്റ്റീൻ രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, ജീസസ് യൂത്ത് ഡയറക്ടർ റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, ബൈജു, നിതീഷ് തുടങ്ങിയവർ ക്ലാസ് എടുത്തു. ക്രിസ്റ്റീൻ കോ-ഓഡിനേറ്റർ വിനോദ് മാങ്കൂട്ടവും ജീസസ് യൂത്ത് ലീഡേഴ്സും നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 205 കുട്ടികൾ ധ്യാനത്തിൽ പങ്കുചേർന്നു. കുട്ടികളെ പറഞ്ഞുവിടാൻ സഹകരിച്ച വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും മറ്റെല്ലാവർക്കും നന്ദി പറയുന്നു.

**മെയ് മാസത്തിലെ ക്രിസ്റ്റീൻ ധ്യാനം**

മെയ് 13 മുതൽ 16 വരെ കുട്ടികൾക്കായി സിയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ഒരു ക്രിസ്റ്റീൻ ധ്യാനം കൂടി നടത്തപ്പെടുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് അവസരം. രജി. ഫീസ് 350 രൂപയാണ്. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു.

**റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**റവ. ഫാ. സോണി വടയാപറമ്പിൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

മെയ് മാസത്തിൽ സംഘടനയുടെ 32 -ാമതു വാർഷികം നടത്താൻ തീരുമാനിച്ച വിവരം ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. 13 -ാം തീയതി ദ്വാരക സി. ആർ. സി ഹാളിൽ 10 മണിയ്ക്ക് ദിവ്യബലിയോടെ ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ അവസാനിപ്പിക്കുന്ന രീതിയിൽ സംവിധാനം ചെയ്യുന്ന വാർഷികാഘോഷത്തിന്റെ പരിപാടികൾ ഉൾകൊള്ളിച്ച് നോട്ടീസ് കോൺഫ്രൻസുകളിൽ എത്തുന്നതായിരിക്കും. ഓരോ കോൺഫ്രൻസിൽ നിന്നും ചുരുങ്ങിയതു രണ്ടുപേരെയെങ്കിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ പേരും എണ്ണവും മുൻകൂട്ടി അതാതു എ.സി പ്രസിഡന്റുമാരെ അറിയിക്കുകയും വാർഷികാഘോഷ ചെലവിലേക്ക് കോൺഫ്രൻസു വിഹിതമായ 150 രൂപ മുൻകൂട്ടി ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്. വാർഷികദിവസം രാവിലെ 9 മണിയ്ക്കും 10 മണിയ്ക്കും ഇടയ്ക്ക് എ.സി പ്രസിഡന്റുമാർ തുക സി.സി ഓഫീസിൽ അടച്ച് രശീതു വാങ്ങേണ്ടതാണ്.

ഈ വർഷം ആഗസ്റ്റ് 28 നു മുമ്പായി അടുത്ത സി. സി പ്രസിഡന്റിനു ഉത്തരവാദിത്തം കൈമാറേണ്ടതായതിനാൽ മെയ് മാസം അവസാനത്തോടെ ഞാൻ സീനിയർ വൈസ് പ്രസിഡന്റിനെ പുതിയ പ്രസിഡന്റ് തെരഞ്ഞെടുപ്പിനുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ ചുമതലപ്പെടുത്തുന്നതായിരിക്കും. ഊർജ്ജസ്വലനും സംഘടനയോടു പ്രതിബദ്ധതയുമുള്ള ആത്മീയനായ ഒരു വ്യക്തി പ്രസിഡന്റു സ്ഥാനത്തേയ്ക്കു വരുന്നതിനായി സംഘാംഗങ്ങൾ പരിശുദ്ധാത്മിനോടും സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥരോടും വരും ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാത്രമല്ല, തെരഞ്ഞെടുപ്പുയോഗത്തിൽ പങ്കെടുക്കേണ്ടത് നിയമാനുസൃതം പ്രസിഡന്റു പദത്തിലിരിക്കുന്നവരായിരിക്കണമെന്നതിനാൽ കോൺഫ്രൻസുകളിലും എ.സി കളിലും തെരഞ്ഞെടുപ്പ് നടക്കേണ്ടിടത്ത് നിയമാനുസൃതം തെരഞ്ഞെടുപ്പ് നടത്തി സി.സി യിൽ റിപ്പോർട്ട് കിട്ടിയിരിക്കേണ്ടതാണ്. 26-08-2010 സി.സി പ്രസിഡന്റ് തെരഞ്ഞെടുപ്പ് തിയതിയായി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതാണല്ലോ.

**ഓസ്സാനാംഭവൻ ശുശ്രൂഷാ സന്ദർശനം**

ജൂൺ 1-15: പയ്യമ്പള്ളി എ. സി. 16 സെന്റ് ആഗ്നസ്, മുള്ളൻകൊല്ലി. 17-30: തരിയോട് എ.സി സന്ദർശന വിവരം കോൺഫ്രൻസുകളെ മുൻകൂട്ടി അറിയിക്കാനും, ഓസ്സാനാംഭവനിൽ സഹായം എത്തിച്ചുകൊടുക്കാനും എ.സി പ്രസിഡന്റുമാർ അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

2010 ഏപ്രിൽ മാസം 11 -ാം തീയതി ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ജയിൽ സന്ദർശനത്തിനായി വൈത്തിരി സബ് ജയിലിലേയ്ക്ക് വന്നത് പ്രശാന്തഗിരി പള്ളിയിൽ നിന്നും ബഹു. പോൾ എടയകൊണ്ടാട്ട് അച്ചന്റെ നേതൃത്വത്തിലുള്ള കെ.സി.വൈ.എം പ്രവർത്തകരായിരുന്നു. യുവത്വത്തിന്റെ പ്രാധാന്യം വിളിച്ചോതുകയും തെറ്റിന്റെ വശങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്ന കലാപരിപാടികളോടെ അവർ തടവറക്കാർക്ക് സ്വന്തമായി. തടവറയിലേക്കുള്ള തടവറ മക്കളുടെ യാത്രയുടെ കാരണങ്ങൾ സാകൂതം കേട്ടുനിൽക്കാനേ അവർക്കു കഴിഞ്ഞുള്ളൂ. തടവറയിലുള്ളവർ മറ്റുള്ളവരുടെ സാന്നിധ്യവും പ്രാർത്ഥനകളും ആഗ്രഹിക്കുന്നുവെന്നും അവർ വ്യക്തമാക്കി. പ്രശാന്തഗിരിയിൽ നിന്നുള്ള SH സിസ്റ്റേഴ്സും വൈത്തിരി SH സിസ്റ്റേഴ്സും ഇതിന് നേതൃത്വം നൽകി.

**ഫാ. ബിനു പൈനുങ്കൽ**

ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി – കേരള ഗവൺമെന്റിന്റെ ജനവിരുദ്ധ മദ്യനയത്തിനെതിരെയും മദ്യകോളയ്ക്കെതിരെയും മാർച്ച് 25 ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തി. സെക്രട്ടറിയേറ്റ് മാർച്ച് കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ ഉദ്ഘാടനം ചെയ്തു. നൂറു കണക്കിന് ലഹരി വിരുദ്ധ പ്രവർത്തകർ മാർച്ചിൽ അണിചേർന്നു. സംസ്ഥാന ഭാരവാഹികൾ നേതൃത്വം നൽകി.

സെക്രട്ടറിയേറ്റ് ധർണ്ണ മലങ്കരസഭാ അദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി ചെയർമാൻ ബിഷപ്പ് മാർ ജോഷ്വാ മാർ ഇഗ്നാത്തി യോസ് അദ്ധ്യക്ഷത വഹിച്ചു. പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി, എം.എൽ.എ. മാരായ കെ. സി. ജോസഫ്, ശ്രീ. ഉമ്മർ, ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീ. ജോസഫ്. എം. പുതുശ്ശേരി, സംസ്ഥാനഭാരവാഹിക ളായ റവ. ഫാ. പോൾ കാരാച്ചിറ, സി. ജോവിറ്റ, അഡ്വ. ചാർളിപോൾ, പ്രസാദ് കുരുവിള യോഹന്നാൻ, ജോൺസൺ തൊഴുത്തുങ്കൽ എന്നി വർ പ്രസംഗിച്ചു.

## മോചന 2010 ബത്തേരി

YMCA ബത്തേരി യൂണിറ്റിന്റെ നേതൃത്വത്തിൽ മന്തണ്ണിക്കുന്ന് കോളനിയിൽ മോചന 2010 സംഘടിപ്പിച്ചു. YMCA ദേശീയ പ്രോഗ്രാം ഓഫീസർ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ അഡ്വ. ഏലിയാസ് T.P, YMCA ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

**മോചന 2010 എള്ളുംമന്ദം**

ദീപ്തിഗിരി ഇടവകയുടെ നേതൃത്വത്തിൽ ഏപ്രിൽ 13 ന് വൈകുന്നേരം എള്ളുംമന്ദത്ത് വെച്ച് മോചന 2010 സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഓഡിയോ വിഷ്വൽ പ്രോഗ്രാമിനും ക്ലാസിനും നേതൃത്വം നൽകി. മോചന 2010 ന് എല്ലാവിധ ക്രമീകരണങ്ങളും ഒരുക്കിയ ബഹുമാനപ്പെട്ട SKD സിസ്റ്റേഴ്സിന് പ്രത്യേകം നന്ദി.

**CML സീനായ് ക്യാമ്പുകൾ**

ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന സീനായ് ക്യാമ്പുകളിൽ ഒരു പ്രധാന പഠന വിഷയം മദ്യവും മയക്കുമരുന്നുകളുമാണ്. ഏപ്രിൽ 13 ന് കാട്ടിക്കുളത്ത് വെച്ച് നടന്ന മാനന്തവാടി റീജണൽ ക്യാമ്പിലും 17 ന് പട്ടാണിക്കൂപ്പ് ഇടവകയിൽ വെച്ച് നടന്ന ക്യാമ്പിലും രൂപതാ പ്രസിഡന്റ് *മോചന 2010* ന് നേതൃത്വം നൽകി. ക്യാമ്പിൽ ലഹരി വസ്തുക്കളുടെ ദൂഷ്യങ്ങളെപ്പറ്റി ക്ലാസെടുക്കാൻ തീരുമാനിച്ച രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര, പ്രസിഡന്റ് ജോൺസൺ ചിറായിൽ, സെക്രട്ടറി സജി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

**മോചന 2010 താമരശ്ശേരി രൂപത**

താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ വ്യക്തിത്വ വികസനക്ലബ്ബ് ചെയർമാൻമാരായ അധ്യാപകപ്രതിനിധികൾക്കായി താമരശ്ശേരി രൂപത കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംഘടിപ്പിച്ച അർദ്ധദിന പരിശീലനപരിപാടിയിൽ *മോചന 2010* പ്രോഗ്രാം നടത്തി. 35 അദ്ധ്യാപകർ പങ്കെടുത്തു. താമരശ്ശേരി രൂപതാ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പിള്ളി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ രൂപതാ ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്



## അറിയിപ്പുകൾ

### 1. കുഞ്ഞോം ശാന്തിനിലയം ചിൽഡ്രൻസ് ഹോം

കുഞ്ഞോം ശാന്തിനിലയം ചിൽഡ്രൻസ് ഹോമിൽ 5, 6, 7 ക്ലാസുകളിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും സീറ്റൊഴിവുണ്ട്. ആവശ്യമുള്ളവർ മെയ് 20-ന് മുമ്പായി ഡയറക്ടർ ബഹു. തോമസ് പരുന്തനോലിയച്ചനെ ബന്ധപ്പെടുക.

ഫോൺ: 04935-235015, 9446253972

● ●

### 2. Pope John Paul II Institute of Counselling and Bioethics - Diocese of Thamarassery

#### 1) Diploma in Counselling Psychology (DCP)

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിലുള്ള Pope John Paul II Institute of Counselling and Bioethics ഒരു വർഷത്തെ ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (Diploma in Counselling Psychology) കോഴ്സ് സിസ്റ്റേഴ്സിനായി നടത്തുന്നു. കൗൺസിലിംഗിനെ സംബന്ധിച്ച അടിസ്ഥാനപരവും ആധുനികവും ശാസ്ത്രീയവുമായ സമഗ്രപരിശീലനം നൽകി പക്വതയാർന്ന മന:ശാസ്ത്ര കൗൺസിലേഴ്സിനെ രൂപപ്പെടുത്താനുള്ള പരിശീലനപദ്ധതിയാണിത്. പൂർണ്ണമായും റെഡിഡൻഷ്യലായ ഈ കോഴ്സ് 2010 ജൂൺ 1-ന് ആരംഭിച്ച് 2011 മാർച്ച് 31 ന് അവസാനിക്കും. ഒരു മാസം നീണ്ടു നിൽക്കുന്ന പ്രായോഗിക കൗൺസിലിംഗ് പരിശീലനവും സമഗ്രവ്യക്തിത്വ വികസനത്തിനുള്ള മറ്റു പരിശീലന പരിപാടികളും ഈ കോഴ്സിന്റെ പ്രത്യേകതകളാണ്. വ്യക്തിഗത കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, സ്കൂൾ കൗൺസിലിംഗ്, പാസ്റ്ററൽ കൗൺസിലിംഗ് എന്നീ മേഖലകളിൽ

പ്രവർത്തിക്കാനാവശ്യമായ പ്രാവീണ്യം നേടാൻ പര്യാപ്തമായ വിധത്തിലാണ് ഈ കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ഈ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2010 മെയ് 20-ാം തീയതിക്കു മുമ്പായി പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷഫോറത്തിനും വിശദവിവരങ്ങൾക്കുമായി ഓഫീസുമായി ബന്ധപ്പെടുക.

## 2) Psycho - Spiritual Workshop for Self Transformation

ആധുനിക മന:ശാസ്ത്രത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഉൾക്കാഴ്ചകളെ സമഞ്ജസമായി സമന്വയിപ്പിച്ചുകൊണ്ട് സന്യാസിനികളുടെ ക്രിസ്തുവിലേയ്ക്കുള്ള രൂപാന്തരീകരണം സാധിതമാക്കാൻ താമരശ്ശേരി രൂപതയുടെ Pope John Paul II Institute of Counselling and Bioethics ഒരു പരിശീലന പദ്ധതി - Psycho Spiritual Workshop for Self Transformation - സന്യാസിനികൾക്കായി ഒരുക്കുന്നു. വ്യക്തിത്വത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങി, സ്വയംകണ്ടെത്തി, യേശുവിന്റെ ഹൃദയസ്പന്ദനങ്ങളുടെ താളലയങ്ങൾ ആത്മാവിലും മനസ്സിലും ഏറ്റുവാങ്ങി, മനസ്സിന്റെ നവീകരണം വഴി പൂർണ്ണമായും ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെടുവാൻ (റോമ:12-2) സന്യാസിനികളെ സഹായിക്കുന്ന പ്രോഗ്രാമാണിത്. കോഴിക്കോട് മേരിക്കുന്നിലുള്ള പി.എം.ഒ.സി.- യിൽ വച്ചു നടത്തപ്പെടുന്ന ഈ പ്രോഗ്രാം 2010 മെയ് 5-ാം തീയതി 6.00 p.m. ന് ആരംഭിച്ച് മെയ് 15-ാം തീയതി ഉച്ചയ്ക്ക് അവസാനിക്കുന്നതാണ്. ആദ്യം ബുക്ക് ചെയ്യുന്ന 22-നും 42-നും മധ്യേ പ്രായമുള്ള 21 സന്യാസിനികൾക്കുമാത്രമായിരിക്കും ഈ കോഴ്സിൽ പ്രവേശനം ലഭിക്കുക.

N.B:- ഈ കോഴ്സുകളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷഫോറത്തിനും വിശദവിവരങ്ങൾക്കുമായി താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Rev. Dr. Abraham Pulinchuvattil Ph.D
Director
Pope John Paul II Institute of Counselling Bioethics
P.M.O.C., Marikkunnu P.O.
Kozhikkode - 673012
Phone: 0495-2731056, 0495-2730860, 2730870
Mobile: 9447385472
E-mail: pulinchuvattil@rediffmail.com

● ●

**3. SAPIENTIA COLLEGE OF COUNSELLING**

(Run by S.H. Sisters)

Accredited by The Chair for Christian Studies, University of Calicut Invites application for one year counselling course leading to

**DIOLOMA IN PSYCHO SPIRITUAL THERAPY (DPST)**

for the academic year 2010-2011

**HIGHLIGHTS OF THE COURSE**

**TRAINING IN PSYCHO THERAPIES SUCH AS:**

Yoga Therapy, Gestalt Therapy, Personal Construct Theory, GRIEF Therapy, Logo Therapy, AMR, NLP, REBT, AET

**SPECIALIZATION IN:**

Non-Directive Counselling, School Counselling, Mass Counselling for Students, Family Counselling, Pre and Post-Marital Counselling

**Eligibility:** Graduation in any subject

**Our Specialities:**

Rich in Syllabus, Efficient Trainers, Individual Attention For Personal Growth, Hostel Facility, Special Focus in Emotional Literacy.

*If you seek satisfacion in serving people effectively, apply soon. Seats are limited.*

Last date for receipt of filled in application:- 20 May 2010

Application Form and Prospectus can be obtained by post from the office.

For details:- Sapientia, Muthalakodam P.O.,
Thodupuzha 685 605
Ph: 04862, 224046, 220909, E-mail: sraquina@gmail.com

● ●



ജ്യീഴ്യമാാല

## PASTORAL CENTRE, DWARAKA

### *May - 2010*

| | | |
|---|---|---|
| *01 Sat* | - | *Zion CRC : Prayer Day* |
| *04 Tue* | - | *Diocesan Day* |
| *04 Tue-07 Fri* | - | *CML : Camp* |
| *07 Fri* | - | *CML Executive, KCYM Secretariat* |
| *08 Sat* | - | *Zion CRC : Jesus Youth Prayer Day, CML Managing Committee, KCYM Meghala Presidents & Secretaries* |
| *09 Sun-12 Wed* | - | *Marriage Preparation Course* |
| *13 Thu* | - | *SSVP : Annual Meeting* |
| *13 Thu-16 Sun* | - | *Christeen Retreat* |
| *17 Mon-20 Thu* | - | *Marriage Preparation Course* |
| *21 Fri-25 Tue* | - | *Zion CRC : Team Retreat* |
| *22 Sat* | - | *Catechism : DCC* |
| *23 Sun* | - | *Catechism : Team Meeting, CML Executive* |
| *25 Tue-29 Sat* | - | *Marriage Preparation Course* |
| *29 Sat* | - | *HM,PP Conference, CML Executive* |
| *30 Sun* | - | *KCYM Syndicate* |
| *30 Sun-31 Mon* | - | *Catechism : Teachers' Training* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# *Bishop's Programme*

## *2010 May*

| | | |
|---|---|---|
| *1 Sat* | ............... | *Minor Seminary Interview* |
| *2 Sun* | ................ | *First Communion: Mangalassery* |
| *3 Mon* | .............. | *Out of Station* |
| *4 Tue* | .............. | *Dwaraka : Diocesan Day* |
| *5 Wed* | .............. | *Kalluvayal : Blessing of Sunday School* |
| *6 Thu* | .............. | *Mary Matha Arts & Science College* |
| *7 Fri* | .............. | *Out of Station* |
| *8 Sat* | .............. | *Bathery : Holy Communion & Confirmation* |
| *9 Sun* | .............. | *First Communion : T.K. Colony* |
| *10 Mon* | .............. | *Vadapuram : Blessing of the Church* |
| *11 Tue* | .............. | *Vaduvanchal : Auxilium Sisters* |
| *12 Wed* | ............. | *Nadavayal : Vestition & First Profession of CMC Novices* |
| *13 Thu* | .............. | *Poroor : Ordination of Dn. Jijesh Maliekal TOR* |
| *14 Fri* | .............. | *Out of station* |
| *15 Sat* | .............. | *Thonichal : First Communion & Confirmation* |

| | |
|---|---|
| *16 Sun 17 Mon...* | *Coonnoor : First Communion & Confirmation* |
| *18 Tue .............* | *Cherukattoor : First Communion & Confirmation* |
| *19 Wed ...........* | *Visitors' Day* |
| *20 Thu ............* | *Nelliyodi : Ordination of Dn. Tomy (John) Paradiyil MI* |
| *21 Fri ..............* | *Out of Station* |
| *22 Sat 23 Sun ...* | *Palai : SH Founder's Day* |
| *24 Mon .............* | *Vincentgiri : Vestition & Perpetual Profession* |
| *25 Tue .............* | *Engaged* |
| *26 Wed .............* | *Karimbil : Blessing of Presbyetery* |
| *27 Thu 28 Fri ...* | *Mandya* |
| *29 Sat ...............* | *First Communion & Confirmation Jude's Mount* |
| | *Dwaraka : HM & PP Conference* |
| *30 Sun .............* | *Kurumbalakotta : First Communion & Confirmation* |
| *31 Mon .............* | *Out of Station* |

## *2010 June*

| | |
|---|---|
| *May 31 June 4* | *Out of Station* |
| *5 Sat ............* | *Dwaraka : Sacred Heart Convention* |
| *7 Mon 10 Thu .* | *Ernakulam : KCBC* |
| *11 Fri ...............* | *Out of Station* |
| *12 Sat ...............* | *Dwaraka : CML Working Year Inauguration* |
| *13 Sun .............* | *Pastoral Visit : Chooralmala* |

| | |
|---|---|
| *14 Mon ...............* | *De Paul, Kalpetta* |
| *15 Tue ..............* | *Thrissillery : Priestly Year Celebrations* |
| *16 Wed ..............* | *Visitors' Day* |
| *17 Thu 18 Fri ...* | *Out of Station* |
| *19 Sat 20 Sun ...* | *Bangalore* |
| *23 Wed .............* | *Visitors' Day* |
| *24 Thu ..............* | *Kulathuvayal : Death Anniversary of Msgr CJ Varkey* |
| *25 Fri ...............* | *Out of Station* |
| *27 Sun ................* | *Boy's Town : Pastoral Visit* |



പുരോഹിതർ സന്തോഷിക്കേണ്ടത് മറ്റുള്ളവരുടെമേൽ അധികാരം ഉള്ളതുകൊണ്ടല്ല, മറിച്ച് അവർ ഉപകാരികൾ ആയിരിക്കുന്നു എന്നതിലാണ്. വേലയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നത് വെറുതെയിരിക്കുവാനോ, സ്വന്തം നന്മയ്ക്കുവേണ്ടി അധ്വാനിക്കുവാനോ അല്ല. മറിച്ച് ദൈവം പുരോഹിതരെ വിളിച്ചിരിക്കുന്നത് ദൈവീക കാര്യങ്ങളിൽ മുഴുകുവാനാണ്. സഹജരുടെ ആത്മരക്ഷയ്ക്കായി അധ്വാനിക്കുന്ന പുരോഹിതന്റെ ഏകലക്ഷ്യം ദൈവമഹത്വം മാത്രമായിരിക്കണം.

*വി. ഗ്രിഗറി*